# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഉദയംപേരൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം.പി6-521/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 21/07/2022
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഉദയംപേരൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഉദയംപേരൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഉദയംപേരൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഇ.കെ.എം.പി6-521/22 തീയ്യതി: 21/07/2022

## എറണാകുളം ജില്ലയിലെ ഉദയംപേരൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ ഉദയംപേരൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 36 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 23-03-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| മിനിമോൾ കെ ജി | ജോയിന്റ് ഡയറക്ടർ | 16-03-2022 | 23-03-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 16-03-2022 | 23-03-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.വിജയകുമാർ എൻ,ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി.റസിയബീവി ജെ,ഓഡിറ്റ് ഓഫീസർ
ശ്രീമതി.ശ്രീജ ഉണ്ണികൃഷ്ണൻ,അസി.ഓഡിറ്റ് ഓഫീസർ
ശ്രീ.ജോർജ് ജോസഫ്,സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി.ബബിത ബി കുമാർ,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.അനീഷ് ടി എസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. ജോൺ ജേക്കബ് | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് ഭരണം | സെക്രട്ടറി-ഇൻ-ചാർജ്ജ് | 12-11-2020 | 29-12-2020 |
| ശ്രീമതി സജിത മുരളി | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീമതി റീനാ റാഫേൽ | സെക്രട്ടറി | 01-04-2020 | 28-07-2020 |
| ശ്രീ പി എസ് രാജൻ | സെക്രട്ടറി | 29-07-2020 | 07-10-2020 |
| ശ്രീ അനന്തൻ ടി വി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 08-10-2020 | 16-11-2020 |
| ശ്രീ പി എസ് രാജൻ | സെക്രട്ടറി | 17-11-2020 | 12-02-2021 |
| ശ്രീ അനന്തൻ ടി വി | സെക്രട്ടറി | 13-02-2021 | 27-02-2021 |
| ശ്രീ സാബു സി ജെ | സെക്രട്ടറി | 28-02-2021 | 03-03-2021 |
| ശ്രീ അനന്തൻ ടി വി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 04-03-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ സുനിൽ കുമാർ വി | കൃഷി ഓഫീസർ | 01-04-2020 | 26-02-2021 |
| ശ്രീ സുധീർ എം എൻ | കൃഷി ഓഫീസർ | 27-02-2021 | 31-03-2021 |
| ഡോ ശീതൾ ജി മോഹൻ | വെറ്ററിനറി സർജൻ | 01-04-2020 | 22-09-2020 |
| ഡോ റാണാ രാജ് വി ആർ | വെറ്ററിനറി സർജൻ | 23-09-2020 | 31-03-2021 |
| ഡോ ഷീജ | മെഡിക്കൽ ഓഫീസർ പി എച്ച് സി | 01-04-2020 | 31-03-2021 |
| ഡോ. സുമ വർഗ്ഗീസ് | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2020 | 31-03-2021 |
| ശ്രീമതി പ്രജീന കെ കെ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീമതി ജിഷ കാതറിൻ | അസിസ്റ്റൻറ് സെക്രട്ടറി | 01-04-2020 | 25-06-2020 |
| ശ്രീ അനന്തൻ ടി വി | അസിസ്റ്റൻറ് സെക്രട്ടറി | 26-06-2020 | 31-03-2021 |
| ശ്രീ സന്തോഷ് സി ജി | അസിസ്റ്റൻറ് എൻജിനീയർ | 01-04-2020 | 30-06-2020 |

| | | | |
|---|---|---|---|
| ശ്രീമതി മിനിമോൾ പി ടി | അസിസ്റ്റൻറ് എൻജിനീയർ | 01-07-2020 | 31-03-2021 |
| ശ്രീമതി ജയ കെ ആർ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി രശ്മി സി രാജൻ | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2020 | 24-02-2021 |
| ശ്രീമതി ഫസീറമോൾ ടി എ | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 25-02-2021 | 31-03-2021 |
| ശ്രീമതി പ്രസീന പി | വി ഇ ഒ. ഉദയംപേരൂർ | 01-04-2020 | 11-01-2021 |
| ശ്രീമതി ശ്രീവിദ്യ വി | വി ഇ ഒ. ഉദയംപേരൂർ | 12-01-2021 | 31-03-2021 |
| ശ്രീമതി ശ്രീലത സി എസ് | വി ഇ ഒ. കണ്ടനാട് | 01-04-2020 | 31-03-2021 |
| ശ്രീമതി ലേഖ രവീന്ദ്രൻ | ഹെഡ്മിസ്ട്രസ് | 01-04-2020 | 31-03-2021 |
| ഡോ. ചൈതന്യ കെ വി | മെഡിക്കൽ ഓഫീസർ ആയുർവേദം | 01-04-2020 | 31-03-2021 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Aneesh T S (Auditor, On 21-03-2022)<br>Last Updated By: Bindu L (Computer Assistant, On 08-07-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Aneesh T S (Auditor, On 21-03-2022)<br>Last Updated By: Bindu L (Computer Assistant, On 08-07-2022) | 1-2 |
| 3 | വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ<br>Written By: Joseph George (Senior Grade Auditor, On 21-03-2022)<br>Last Updated By: Bindu L (Computer Assistant, On 08-07-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Joseph George (Senior Grade Auditor, On 21-03-2022)<br>Last Updated By: Bindu L (Computer Assistant, On 20-07-2022) | 1-3 |
| 5 | ഫണ്ട് വിശകലനം<br>Written By: Joseph George (Senior Grade Auditor, On 21-03-2022)<br>Last Updated By: Bindu L (Computer Assistant, On 20-07-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: N.Vijayakumar (Audit Officer (HG), On 22-03-2022)<br>Last Updated By: Bindu L (Computer Assistant, On 20-07-2022) | 1-5 |
| 7 | മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതി<br>Written By: Babitha B Kumar (Senior Grade Auditor, On 19-03-2022)<br>Last Updated By: Bindu L (Computer Assistant, On 12-07-2022) | 1-6 |
| 8 | ക്ഷേമപദ്ധതികൾ<br>Written By: Aneesh T S (Auditor, On 21-03-2022)<br>Last Updated By: Bindu L (Computer Assistant, On 08-07-2022) | 1-7 |
| 9 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Aneesh T S (Auditor, On 19-03-2022)<br>Last Updated By: Bindu L (Computer Assistant, On 08-07-2022) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: N.Vijayakumar (Audit Officer (HG), On 28-03-2022)<br>Last Updated By: Bindu L (Computer Assistant, On 08-07-2022) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Aneesh T S (Auditor, On 21-03-2022)<br>Last Updated By: Bindu L (Computer Assistant, On 08-07-2022) | 1-10 |
| 12 | ഗ്രാമസഭ<br>Written By: Aneesh T S (Auditor, On 28-03-2022)<br>Last Updated By: Bindu L (Computer Assistant, On 08-07-2022) | 1-11 |
| 13 | വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണ്ണയം നടത്തി<br>Written By: Aneesh T S (Auditor, On 25-03-2022)<br>Last Updated By: Bindu L (Computer Assistant, On 08-07-2022) | 1-12 |
| 14 | സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയില്ല<br>Written By: Aneesh T S (Auditor, On 25-03-2022)<br>Last Updated By: Bindu L (Computer Assistant, On 12-07-2022) | 1-13 |
| 15 | സ്ഥാപന തൊഴിൽ നികുതി അടക്കാത്തതു സംബന്ധിച്ച്<br>Written By: Aneesh T S (Auditor, On 25-03-2022)<br>Last Updated By: Bindu L (Computer Assistant, On 12-07-2022) | 1-14 |
| 16 | PVC വാട്ടർ ടാങ്ക് വിതരണം- ഫണ്ട് വിനിയോഗത്തിലും ടാങ്ക് വിതരണത്തിലും അപാകത<br>Written By: Babitha B Kumar (Senior Grade Auditor, On 23-03-2022)<br>Last Updated By: Bindu L (Computer Assistant, On 12-07-2022) | 1-15 |

| | | |
|---|---|---|
| 17 | അർഹതയില്ലാത്ത വിദ്യാർത്ഥിനിക്ക് ധനസഹായം നല്കി<br>Written By: Babitha B Kumar (Senior Grade Auditor, On 23-03-2022)<br>Last Updated By: Bindu L (Computer Assistant, On 12-07-2022) | 1-16 |
| 18 | എസ് ടി വിദ്യാർത്ഥികൾക്ക് പഠനഉപകരണങ്ങൾ -അപാകത<br>Written By: Babitha B Kumar (Senior Grade Auditor, On 23-03-2022)<br>Last Updated By: Bindu L (Computer Assistant, On 12-07-2022) | 1-17 |
| 19 | മത്സ്യത്തൊഴിലാളികളുടെ വിദ്യാർത്ഥികളായ മക്കൾക്ക് ലാപ്ടോപ്പ് നല്കിയത്-അപാകതകൾ<br>Written By: Ressiya Beevi J (Audit Officer, On 28-03-2022)<br>Last Updated By: Bindu L (Computer Assistant, On 12-07-2022) | 1-18 |
| 20 | കാന നിർമ്മാണ പ്രവൃത്തികളിൽ അധിക നിരക്ക് അനുവദിച്ചത് മൂലം അധിക ചെലവ്<br>Written By: N.Vijayakumar (Audit Officer (HG), On 28-03-2022)<br>Last Updated By: Bindu L (Computer Assistant, On 20-07-2022) | 1-19 |
| 21 | സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻമാർക്കുള്ള ക്യാബിനുകളും പഞ്ചായത്ത് അംഗങ്ങൾക്കുള്ള ഇരിപ്പിടങ്ങളും നിർമ്മിച്ചത്-പ്രവൃത്തിയിലെ അപാകതകൾ<br>Written By: Sreeja Unnikrishnan (Asst. Audit Officer, On 30-03-2022)<br>Last Updated By: Bindu L (Computer Assistant, On 20-07-2022) | 1-20 |
| 22 | വസ്തുനികുതി ഡിമാന്റ് നോട്ടീസ് വിതരണം ചെയ്യുന്നതിന് അനുവദിച്ച തുകയുടെ കൈപ്പറ്റ് വിവരം ലഭ്യമല്ല<br>Written By: Sreeja Unnikrishnan (Asst. Audit Officer, On 29-03-2022)<br>Last Updated By: Bindu L (Computer Assistant, On 12-07-2022) | 1-21 |
| 23 | വെട്ടിയ മരം ലേലം ചെയ്തതിന്റെ വിവരം ലഭ്യമല്ല<br>Written By: Sreeja Unnikrishnan (Asst. Audit Officer, On 29-03-2022)<br>Last Updated By: Bindu L (Computer Assistant, On 12-07-2022) | 1-22 |
| 24 | സാക്ഷരത പ്രേരകുമാർക്ക് നൽകിയ ഹോണറേറിയം സാക്ഷരത മിഷനിൽ നിന്നും തിരികെ ലഭിച്ചില്ല<br>Written By: Sreeja Unnikrishnan (Asst. Audit Officer, On 29-03-2022)<br>Last Updated By: Bindu L (Computer Assistant, On 12-07-2022) | 1-23 |
| 25 | ബൈ ബാക്ക് സ്കീം മുഖേന യു.പി.എസ്.ബാറ്ററികളുടെ വിലയിൽ കുറവ് ലഭിച്ചില്ല<br>Written By: Sreeja Unnikrishnan (Asst. Audit Officer, On 29-03-2022)<br>Last Updated By: Bindu L (Computer Assistant, On 12-07-2022) | 1-24 |
| 26 | പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിൽ ക്യാബിൻ വർക്കും ഫർണിഷിംഗും-വാല്യുവേഷൻ ഇല്ലാതെ ഉയർന്ന നിരക്ക് അനുവദിച്ചു<br>Written By: Sreeja Unnikrishnan (Asst. Audit Officer, On 30-03-2022)<br>Last Updated By: Bindu L (Computer Assistant, On 20-07-2022) | 1-25 |
| 27 | മരുന്ന് പൂർണ്ണമായും ലഭിച്ചിട്ടില്ല. 243855/-രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Babitha B Kumar (Senior Grade Auditor, On 23-03-2022)<br>Last Updated By: Bindu L (Computer Assistant, On 12-07-2022) | 1-26 |
| 28 | പഞ്ചായത്ത് ഓഫീസിൽ സി.സി.ടി.വി. സ്ഥാപിച്ചത്-അപാകതകൾ<br>Written By: Sreeja Unnikrishnan (Asst. Audit Officer, On 30-03-2022)<br>Last Updated By: Bindu L (Computer Assistant, On 12-07-2022) | 1-27 |
| 29 | സി.എഫ്.എൽ.ടി.സി. സജ്ജീകരിക്കുന്നതിന് തുക ചെലവഴിച്ചത്-ചെലവ് രേഖകൾ ഇല്ല<br>Written By: Sreeja Unnikrishnan (Asst. Audit Officer, On 31-03-2022)<br>Last Updated By: Bindu L (Computer Assistant, On 12-07-2022) | 1-28 |
| 30 | പട്ടികവർഗവിദ്യാർത്ഥിക്ക് ലാപ്പ്ടോപ്പ്-രേഖകളില്ല<br>Written By: Babitha B Kumar (Senior Grade Auditor, On 23-03-2022)<br>Last Updated By: Bindu L (Computer Assistant, On 12-07-2022) | 1-29 |
| 31 | ഹൈമാസ്റ്റ് ലൈറ്റുകളുടെ എ.എം.സി.കെൽട്രോണിന് നൽകിയത്- | 1-30 |

| | | |
|---|---|---|
| | അപാകതകൾ<br>Written By: Sreeja Unnikrishnan (Asst. Audit Officer, On 31-03-2022)<br>Last Updated By: Bindu L (Computer Assistant, On 12-07-2022) | |
| 32 | അഡ്വക്കറ്റ് ഫീസ്-ആദായ നികുതി സ്രോതസിൽ നിന്നും കുറവ് ചെയ്ത് അടവാക്കിയില്ല<br>Written By: Sreeja Unnikrishnan (Asst. Audit Officer, On 29-03-2022)<br>Last Updated By: Bindu L (Computer Assistant, On 12-07-2022) | 1-31 |
| 33 | കേരള ബിൽഡിംഗ് ആൻഡ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ഫണ്ട് -കളക്ഷൻ ചാർജ്ജ് ഈടാക്കുന്നില്ല<br>Written By: N.Vijayakumar (Audit Officer (HG), On 27-03-2022)<br>Last Updated By: Bindu L (Computer Assistant, On 12-07-2022) | 1-32 |
| 34 | കാലഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടിയില്ല<br>Written By: N.Vijayakumar (Audit Officer (HG), On 26-03-2022)<br>Last Updated By: Bindu L (Computer Assistant, On 12-07-2022) | 1-33 |
| 35 | ക്ഷീരകർഷകർക്ക് കാലിത്തീറ്റ -പ്ലാൻ ഫണ്ടിൽ നിന്നും മുൻകൂർ നൽകി<br>Written By: Joseph George (Senior Grade Auditor, On 22-03-2022)<br>Last Updated By: Bindu L (Computer Assistant, On 12-07-2022) | 1-34 |
| 36 | ബിറ്റുമിൻ ബാരൽ വില ക്രമ വിരുദ്ധമായി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുന്നു<br>Written By: N.Vijayakumar (Audit Officer (HG), On 27-03-2022)<br>Last Updated By: Bindu L (Computer Assistant, On 12-07-2022) | 1-35 |
| 37 | ഇ-ടെണ്ടർ ഫീസ് - തുക പഞ്ചായത്ത് ഫണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്തിട്ടില്ല<br>Written By: N.Vijayakumar (Audit Officer (HG), On 26-03-2022)<br>Last Updated By: Bindu L (Computer Assistant, On 12-07-2022) | 1-36 |
| 38 | നിശ്ചിത സമയത്തിനുള്ളിൽ പ്രവർത്തി പൂർത്തീകരിക്കാതിരുന്ന കരാറുകാരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കിയില്ല<br>Written By: N.Vijayakumar (Audit Officer (HG), On 27-03-2022)<br>Last Updated By: Bindu L (Computer Assistant, On 12-07-2022) | 1-37 |
| 39 | പഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണം പൂർത്തീകരണം - പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ<br>Written By: N.Vijayakumar (Audit Officer (HG), On 28-03-2022)<br>Last Updated By: Bindu L (Computer Assistant, On 12-07-2022) | 1-38 |
| 40 | ദുരിതാശ്വാസ നിധി - പ്രവർത്തനങ്ങൾ കാര്യക്ഷമമല്ല.<br>Written By: N.Vijayakumar (Audit Officer (HG), On 26-03-2022)<br>Last Updated By: Bindu L (Computer Assistant, On 12-07-2022) | 1-39 |
| 41 | ഡീസൽ ജനറേറ്ററിന്റെ ലോഗ് ബുക്കും ഇൻഡന്റ്/ സ്റ്റോക്ക് രജിസ്റ്ററും ഹാജരാക്കിയില്ല<br>Written By: Sreeja Unnikrishnan (Asst. Audit Officer, On 30-03-2022)<br>Last Updated By: Bindu L (Computer Assistant, On 12-07-2022) | 1-40 |
| 42 | മരാമത്ത് പ്രവൃത്തികൾ- പൊതുന്യൂനതകൾ<br>Written By: N.Vijayakumar (Audit Officer (HG), On 27-03-2022)<br>Last Updated By: Bindu L (Computer Assistant, On 12-07-2022) | 1-41 |
| 43 | എൽ.എസ്.ജി.ഡി എഞ്ചിനിയറിംഗ് ഓഫീസ് വാഹന വാടക - നിർവ്വഹണത്തിലെ അപാകങ്ങൾ<br>Written By: N.Vijayakumar (Audit Officer (HG), On 26-03-2022)<br>Last Updated By: Bindu L (Computer Assistant, On 20-07-2022) | 1-42 |
| 44 | പഞ്ചായത്ത് ഓഫീസിൽ എയർകണ്ടീഷണർ സ്ഥാപിച്ചത്-അപാകതകൾ<br>Written By: Sreeja Unnikrishnan (Asst. Audit Officer, On 31-03-2022)<br>Last Updated By: Bindu L (Computer Assistant, On 20-07-2022) | 1-43 |
| 45 | സ്യൂട്ട് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല<br>Written By: Sreeja Unnikrishnan (Asst. Audit Officer, On 30-03-2022)<br>Last Updated By: Bindu L (Computer Assistant, On 12-07-2022) | 1-44 |
| 46 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ ഗ്രാമപഞ്ചായത്തിന്റെ പങ്ക്<br>Written By: Sreeja Unnikrishnan (Asst. Audit Officer, On 31-03-2022) | 1-45 |

| | | |
|---|---|---|
| | Last Updated By: Bindu L (Computer Assistant, On 12-07-2022) | |
| 47 | പ്രൊക്യൂർമെന്റ് കമ്മിറ്റി മിനിട്ട്സ് - രജിസ്റ്ററിലെ അപാകങ്ങൾ<br>Written By: N.Vijayakumar (Audit Officer (HG), On 26-03-2022)<br>Last Updated By: Bindu L (Computer Assistant, On 12-07-2022) | 1-46 |
| 48 | നിക്ഷേപപ്രവൃത്തി- വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല<br>Written By: Sreeja Unnikrishnan (Asst. Audit Officer, On 18-04-2022)<br>Last Updated By: Bindu L (Computer Assistant, On 12-07-2022) | 1-47 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | PVC വാട്ടർ ടാങ്ക് വിതരണം- ഫണ്ട് വിനിയോഗത്തിലും ടാങ്ക് വിതരണത്തിലും അപാകത<br>Written By: Babitha B Kumar (Senior Grade Auditor, On 23-03-2022)<br>Last Updated By: Bindu L (Computer Assistant, On 12-07-2022) | 3-1 |
| 2 | അർഹതയില്ലാത്ത വിദ്യാർത്ഥിനിക്ക് ധനസഹായം നല്കി<br>Written By: Babitha B Kumar (Senior Grade Auditor, On 23-03-2022)<br>Last Updated By: Bindu L (Computer Assistant, On 12-07-2022) | 3-2 |
| 3 | എസ് ടി വിദ്യാർത്ഥികൾക്ക് പഠനഉപകരണങ്ങൾ -അപാകത<br>Written By: Babitha B Kumar (Senior Grade Auditor, On 23-03-2022)<br>Last Updated By: Bindu L (Computer Assistant, On 12-07-2022) | 3-3 |
| 4 | മത്സ്യത്തൊഴിലാളികളുടെ വിദ്യാർത്ഥികളായ മക്കൾക്ക് ലാപ്പ്ടോപ്പ് നല്കിയത്- അപാകതകൾ<br>Written By: Ressiya Beevi J (Audit Officer, On 28-03-2022)<br>Last Updated By: Bindu L (Computer Assistant, On 12-07-2022) | 3-4 |
| 5 | കാന നിർമ്മാണ പ്രവൃത്തികളിൽ അധിക നിരക്ക് അനുവദിച്ചത് മൂലം അധിക ചെലവ്<br>Written By: N.Vijayakumar (Audit Officer (HG), On 28-03-2022)<br>Last Updated By: Bindu L (Computer Assistant, On 21-07-2022) | 3-5 |
| 6 | പഞ്ചായത്ത് ഓഫീസിൽ സി.സി.ടി.വി. സ്ഥാപിച്ചത്-അപാകതകൾ<br>Written By: Sreeja Unnikrishnan (Asst. Audit Officer, On 31-03-2022)<br>Last Updated By: Bindu L (Computer Assistant, On 20-07-2022) | 3-6 |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Aneesh T S (Auditor, On 21-03-2022)<br>Last Updated By: Bindu L (Computer Assistant, On 12-07-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Joseph George (Senior Grade Auditor, On 21-03-2022)<br>Last Updated By: Bindu L (Computer Assistant, On 12-07-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Joseph George (Senior Grade Auditor, On 21-03-2022)<br>Last Updated By: Bindu L (Computer Assistant, On 20-07-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Aneesh T S (Auditor, On 21-03-2022)<br>Last Updated By: Bindu L (Computer Assistant, On 12-07-2022) | 4-4 |
| 5 | വായ്പ /വായ്പാതിരിച്ചടവ്<br>Written By: Aneesh T S (Auditor, On 21-03-2022)<br>Last Updated By: Bindu L (Computer Assistant, On 12-07-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Aneesh T S (Auditor, On 25-03-2022)<br>Last Updated By: Bindu L (Computer Assistant, On 12-07-2022) | 4-6 |

| | | |
|---|---|---|
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Aneesh T S (Auditor, On 21-03-2022)<br>Last Updated By: Bindu L (Computer Assistant, On 12-07-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Aneesh T S (Auditor, On 21-03-2022)<br>Last Updated By: Bindu L (Computer Assistant, On 12-07-2022) | 4-8 |
| 9 | ചാർജ് / സർചാർജ് നടപടികളുടെ വിവരം<br>Written By: Aneesh T S (Auditor, On 21-03-2022)<br>Last Updated By: Bindu L (Computer Assistant, On 12-07-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Aneesh T S (Auditor, On 28-03-2022)<br>Last Updated By: Bindu L (Computer Assistant, On 20-07-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Aneesh T S (Auditor, On 21-03-2022)<br>Last Updated By: Bindu L (Computer Assistant, On 13-07-2022) | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2020-21 സാമ്പത്തികവർഷത്തേക്കുള്ള ബജറ്റ് ഭരണസമിതിയുടെ 26.03.2020 തീയതിയിലെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പരിഷ്കരിച്ച ബജറ്റ് 06.03.2021 തീയതിയിലെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ആയത് പ്രകാരമുള്ള മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ബജറ്റ് പ്രകാരം | | വാർഷിക ധനകാര്യ പത്രിക പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 37857774 | 44472665 |
| വരവ് | 222544398 | 89326043 |
| ആകെ | 260402172 | 133798708 |
| ചെലവ് | 194626261 | 107807918 |
| നീക്കിയിരിപ്പ് | 65775911 | 25990790 |

ബജറ്റ് പ്രകാരമുള്ള കണക്കുകളും വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള കണക്കുകളും തമ്മിൽ വലിയ അന്തരമുണ്ട്. ബജറ്റും വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള കണക്കുകളും തമ്മിൽ വലിയ അന്തരമില്ലാതിരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

1. ബജറ്റ് പ്രസംഗം
2. ബജറ്റ് കുറിപ്പുകൾ
3. ബജറ്റ് പത്രികകളും ബജറ്റ് ഷെഡ്യൂളുകളും
4. പെർഫോമൻസ് ബജറ്റ്
5. ജെൻഡർ ബജറ്റ്

2020-2021 സാമ്പത്തികവർഷത്തിൽ മേൽ സൂചിപ്പിക്കുന്ന രേഖകൾ പ്രത്യേകം ബജറ്റ് ഡോക്യുമെന്റ് ആയി സൂക്ഷിച്ചിട്ടില്ല.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2021 | 12.05.2021 |

### 1-2-1 വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ 2020-21 സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട പ്രധാന ന്യൂനതകൾ താഴെ ചേർക്കുന്നു.

1. വാർഷിക കണക്ക് പ്രകാരമുള്ള അഡ്വാൻസുകൾ പൂർണ്ണമായി ക്രമീകരിച്ചിട്ടില്ല. സാക്ഷരത പ്രേരകമാർക്ക് തനത് ഫണ്ടിൽ നിന്നും നൽകിയ വേതനം അഡ്വാൻസുകളിൽ ചേർത്തിട്ടില്ല. മറ്റ് അഡ്വാൻസുകൾ 5,58,800/-രൂപ വർഷങ്ങളായി ക്രമീകരിക്കാൻ ബാക്കിയാണ്. ഇവയുടെ വിശദവിവരങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയില്ല.

2. കേരള വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി വർക്കുകളുമായി ബന്ധപ്പെട്ട് മുൻവർഷങ്ങളിലുൾപ്പെടെ നൽകിയ വലിയ അഡ്വാൻസുകൾ ക്രമീകരിച്ചിട്ടില്ല. മുൻവർഷങ്ങളിലെ ഡെപ്പോസിറ്റ് തുക ഏത് പ്രവർത്തിക്കാണ് തുക നൽകിയത്, കരാർ പ്രകാരം പ്രവർത്തി പൂർത്തിയാക്കേണ്ട കാലയളവ് പോലുള്ള വിശദാംശങ്ങൾ ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

3. ഗ്രാമപഞ്ചായത്തിന് ഗ്രാന്റായും വിവിധ സ്കീമുകളിലും ലഭിക്കുന്ന തുകയിൽ നല്ലൊരു പങ്ക് ഉപയോഗിച്ച് ആസ്തികൾ സൃഷ്ടിക്കപ്പെടുന്നുണ്ട്. എന്നാൽ ഇപ്രകാരം ആസ്തി വികസനത്തിനായി ചെലവഴിക്കപ്പെടുന്ന തുകകൾ വാർഷിക കണക്കുകളിൽ Capital Contribution ഹെഡിൽ പ്രത്യേകമായി ഉൾപ്പെടുത്തുന്നില്ല.

4. വാർഷിക കണക്ക് I-18 ഷെഡ്യൂൾ പ്രകാരം വസ്തുനികുതിയിൽ ഒഴിവാക്കലുകളും കൂട്ടിച്ചേർക്കലുകളും നടത്തിയിട്ടുണ്ട്.എന്നാൽ ഈ തുകകളെ സംബന്ധിക്കുന്ന വിശദാംശങ്ങളോ കമ്മിറ്റി തീരുമാനങ്ങളോ ഫയലുകളോ ഹാജരാക്കിയിട്ടില്ല.

5. സ്ഥിരം ജീവനക്കാരുടേത് ഒഴികെയുള്ള മറ്റ് ജീവനക്കാരുടെ മാർച്ച് മാസത്തെ ശമ്പളം, അലവൻസുകൾ, ഭരണസമിതി അംഗങ്ങളുടെ ആനുകൂല്യങ്ങൾ, കുടിശ്ശിക കണ്ടിജന്റ് ചെലവുകൾ എന്നിവക്ക് വാർഷിക കണക്കുകളിൽ തുക വകയിരുത്തിയിട്ടില്ല (Provisions).

6. ട്രഷറി സേവിംഗ്സ് ബാങ്ക് (LGTSB) അക്കൗണ്ടിലെ 31.03.2021 ലെ ബാലൻസ് തുക മൈനസ് തുകയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇത് സംബന്ധിച്ച വിശദീകരണം ലഭ്യമാക്കിയില്ല. എസ്.ബി.ഐ ഇ പേയ്മെന്റ് അക്കൗണ്ടിന്റെ റിക്കൺസിലിയേഷൻ കൃത്യമല്ല. മാർച്ച് 2019 മുതലുള്ള കാലാവധി കഴിഞ്ഞ ചെക്കുകളുടെ വിവരങ്ങൾ ഉൾപ്പെടുത്തിയാണ് റിക്കൺസിലിയേഷൻ തയ്യാറാക്കിയിട്ടുള്ളത്.

7. ബാങ്ക് സ്ഥിരനിക്ഷേപത്തിന് സാമ്പത്തിക വർഷം ലഭിക്കേണ്ട പലിശ തുക വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തുന്നില്ല. പലിശ ലഭിക്കുന്ന സമയത്ത് മാത്രമാണ് കണക്കുകളിൽ രേഖപ്പെടുത്തുന്നത്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 44472665 |
| വരവ് | 89326043 |
| ആകെ | 133798708 |
| ചെലവ് | 107807918 |
| നീക്കിയിരിപ്പ് | 25990790 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ളനഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 160759 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 10310557 |

## 1-4 ഫണ്ട് വിശകലനം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് പ്രകാരം വരവ് | ആകെ | ചെലവ് (ACR) | നീക്കിയിരുപ്പ് | ബാലൻസ്/ ചെലവഴിക്കാതെ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 16767726 | 16767726 | 16086636 | 0 | 681090 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 8219039 | 8219039 | 4555806 | 0 | 3663233 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 529000 | 529000 | 148297 | 0 | 380703 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 4678000 | 4678000 | 3525496 | 0 | 1152504 |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | 0 | 5319646 | 5319646 | 4233723 | 0 | 1085923 |
| ധനകാര്യകമ്മീഷൻ അവാർഡ് ( UnTied) | 0 | 19065590 | 19065590 | 11710888 | | 7354702 |

| | | | | | | |
|---|---|---|---|---|---|---|
| ധനകാര്യകമ്മീഷൻ അവാർഡ് ( Tied) | 0 | 7290000 | 7290000 | 5043285 | | 2246715 |
| കേന്ദ്രാവിഷ്കൃതഫണ്ട്- | | | | | | |
| ശുചിത്വമിഷൻ | 579000 | 200000 | 779000 | 200000 | 579000 | |
| ICDS | 1289609 | 937534 | 2227143 | 1500000 | 727143 | |
| Solid Waste | 88126 | 0 | 88126 | 0 | 88126 | |

2020-21 സാമ്പത്തിക വർഷം വികസന ഫണ്ട് ജനറലിൽ നിന്നും അംഗൻവാടി ജീവനക്കാരുടെ വേതനം 15,33,000/- രൂപ സ്രോതസ്സിൽ കുറവ് ചെയ്തിട്ടുണ്ട്. ഈ തുകയാണ് വാർഷിക ധനകാര്യപത്രിക ഇൻകം & എക്സ്പെൻഡിച്ചർ പത്രികയും റസീപ്റ്റ് & പേയ്മെന്റ് പത്രികയും തമ്മിൽ ഫണ്ടുകളുടെ ചെലവിൽ വ്യത്യാസമുള്ളത്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് എണ്ണം | പദ്ധതി ചെലവ് | പൂർണ്ണമായി നടപ്പാക്കിയത്- എണ്ണം | ഭാഗികമായി നടപ്പാക്കി യത് | നടപ്പാക്കാ ത്തവഎണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 193 | 107531802 | 166 | 66008866 | 145 | 21 | 27 | 75.13% |

അംഗീകരിച്ച പദ്ധതികളുടെ 75.13% മാണ് നടപ്പിലായത്. പ്രത്യേക ഗ്രാന്റുകളല്ലാതെ പഞ്ചായത്തിന് ലഭ്യമായ ഫണ്ടിൽ 99.07 ലക്ഷം രൂപ ചെലവഴിക്കാൻ കഴിഞ്ഞില്ല.

## 1-6 മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവ് | 5015 | 908797 | 913812 | 900945 | 12867 |
| കൂലിചെലവ് | | 27328055 | 27328055 | 27328055 | |
| ആകെ | 5015 | 28236852 | 28241867 | 28229000 | 12867 |

## 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകത്തൊഴിലാളി പെൻഷൻ | 3460800 | 201 |
| വിധവാപെൻഷൻ | 16900800 | 986 |
| വാർദ്ധക്യകാല പെൻഷൻ | 58850400 | 3388 |
| വികലാംഗ പെൻഷൻ | 3931200 | 230 |
| അവിവാഹിതരായ 50 വയസിന് മുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | 1327200 | 79 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 0 | 0 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.03.2022 തീയതിയിൽ സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 42,003/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. ഗ്രാമ പഞ്ചായത്തിലെ വിവിധ സെക്ഷനുകൾ നിലവിൽ പേഴ്സണൽ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. തപാലുകൾ ലഭിക്കുന്നതും അവയുടെ വിതരണവും സംബന്ധിച്ച വിവരങ്ങൾ സൂചികയിൽ നിന്നും ലഭ്യമാണെങ്കിലും അവയുടെ തീർപ്പാക്കൽ വിവരങ്ങൾ പൂർണ്ണമായും സൂചികയിൽ നിന്നും ലഭ്യമാകുന്നില്ല.

2. ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

3. കാലഹരണപ്പെട്ട ഡെപ്പോസിറ്റുകളിന്മേൽ സമയോചിതമായ നടപടികൾ കൈക്കൊള്ളുന്നില്ല.

4. പൊതു ടാപ്പുകളുടേയും, തെരുവ് വിളക്കുകളുടേയും കൃത്യമായ കണക്ക് വിവരം പഞ്ചായത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

5. പഞ്ചായത്തിലെ ഇലക്ട്രോണിക് ഉപകരണങ്ങളുടേയും, മറ്റ് സാമഗ്രികളുടേയും സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി വാർഷിക പരിശോധന നടത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| | അവസാനം ഓഡിറ്റ് നടത്തിയ തിയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 11.08.2021 | 01.10.2020 മുതൽ 31.07.2021 വരെ | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 04.10.2018 മുതൽ 16.10.2018 | 2013-14 മുതൽ 2017-18 വരെ | 01.12.2018 |

## 1-11 ഗ്രാമസഭ

2020-21 സാമ്പത്തിക വർഷത്തിൽ കോവിഡ് പശ്ചാത്തലത്തിൽ നിയമപ്രകാരമുള്ള കാലയളവിൽ ഗ്രാമസഭകൾ കൂടുന്നതിന് സാധിച്ചിട്ടില്ല. പഞ്ചായത്തിലെ 20 വാർഡുകളിലും 2021-22 വാർഷിക പദ്ധതി കരട് പദ്ധതി നിർദ്ദേശങ്ങൾ, എം എൻ ആർ ഇ ജി എസ് ആക്ഷൻ പ്ലാൻ, ദുരന്ത നിവാരണം പദ്ധതി ചർച്ച എന്നിവയുമായി ബന്ധപ്പെട്ട് ഒരു ഗ്രാമസഭ മാത്രമാണ് ചേർന്നിട്ടുള്ളത്.

## 1-12 വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണ്ണയം നടത്തി

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും, സേവന ഉപനികുതിയും, സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം ഉദയംപേരൂർ ഗ്രാമപഞ്ചായത്ത് 100 ച. മീറ്റർ വരെ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 50 രൂപയായും, 100 ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 60 രൂപയായും നികുതിനിരക്ക് നിശ്ചയിച്ചിട്ടുണ്ട്. വസ്തുനികുതി നിർണ്ണയിച്ച താഴെ പറയുന്ന വാണിജ്യാവശ്യത്തിനുള്ള 100

ച.മീറ്ററിന് മുകളിൽ തറവിസ്തൃതിയുള്ള കെട്ടിടങ്ങൾക്ക് 100 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ബാധകമായ 50 രൂപ നിരക്കിലാണ് നികുതി ഈടാക്കിയത്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നം | നികുതി നിലവിൽ വന്ന അർദ്ധവർഷം | വിസ്തൃതി (ച.മീ.) | നിർണ്ണയിക്കേണ്ട നികുതി - 60 രൂപ നിരക്കിൽ (വർദ്ധനവ്, ഇളവ്, ലൈബ്രറി സെസ് ഒഴികെ) | നിർണ്ണയിച്ച നികുതി - 50 രൂപ നിരക്കിൻ (വർദ്ധനവ്, ഇളവ്, ലൈബ്രറി സെസ് ഒഴികെ) | കുറവ്(വർദ്ധനവ്, ഇളവ്, ലൈബ്രറി സെസ് ഒഴികെ) |
|---|---|---|---|---|---|
| 19/140/A | 2013-14(1) | 132.01 | 7920.60 | 6600.50 | 1320.10 |
| 17/207/E | 2013-14(1) | 153.02 | 9181.20 | 7651.00 | 1530.2 |

വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് 2013 സാമ്പത്തിക വർഷം ആദ്യ പകുതി മുതൽ കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിച്ചത് മൂലം വസ്തുനികുതി ഡിമാന്റ് കുറവ് വന്നതിന് വിശദീകരണം നൽകണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 26/2020-21 തിയതി 21/03/22 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. വസ്തുനികുതി പുനർനിർണ്ണയിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-13 സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയില്ല

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1) പ്രകാരം ഒരു വ്യക്തി ഒരു അർദ്ധവർഷം തുടർച്ചയായോ, പലപ്പോഴായോ 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽനികുതിക്ക് വിധേയനാകും. എന്നാൽ, ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്ന താഴെ ചേർക്കുന്ന സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2020-21 സാമ്പത്തിക വർഷത്തിൽ മേൽപ്രകാരം തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 17/2020-21 തിയതി 20/03/2022 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. തൊഴിൽനികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | കെട്ടിട നം | ജീവനക്കാരുടെ എണ്ണം | റിമാർക്സ് |
|---|---|---|---|---|
| 1 | സി എം കെ പെട്രോ പ്രോഡക്ട്സ് | 13/387 | 05 | 1st &2nd അർദ്ധവർഷം |
| 2 | ന്യൂ ഹിന്ദുസ്ഥാൻ എൻജിനിയറിംഗ് | 11/375 ഡി | 05 | 1st &2nd അർദ്ധവർഷം |
| 3 | രംഭ സ്റ്റീൽ ഫാബ്രിക്കേഷൻ | 17/450 എ | 05 | 1st &2nd അർദ്ധവർഷം |
| 4 | ജി ഐ ഇന്ത്യ ഓട്ടോമേഷൻ | 4/215 ഡി | 08 | 1st &2nd അർദ്ധവർഷം |
| 5 | ഫാൻസി ഗ്രാനൈറ്റസ് | 17/220 സി | 08 | 1st &2nd അർദ്ധവർഷം |
| 6 | ദർശന സൂപ്പർ മാർട്ട് | 19/389 എ | 06 | 1st &2nd അർദ്ധവർഷം |
| 7 | ആദിത്യ ഇൻഡസ്ട്രീസ് | 20/329 | 07 | 1st &2nd അർദ്ധവർഷം |
| 8 | വിസ്ത ഫയർ ഫൈറ്റിങ്ങ് പ്രൈ.ലി | 15/324 എ | 10 | 1st &2nd അർദ്ധവർഷം |
| 9 | പി കെ ജി ജ്വല്ലറി വർക്സ് | 1/508 | 06 | 1st &2nd അർദ്ധവർഷം |
| 10 | സ്പെക്ട്രം ആന്റിണ & ഏവിയോണിക്സ് | 4/117 എ | 19 | 1st &2nd അർദ്ധവർഷം |
| 11 | രാജധാനി ഐസ്ക്രീം | 4/229 എ | 05 | 1st &2nd അർദ്ധവർഷം |

| | | | | |
|---|---|---|---|---|
| 12 | തരാതരം ഇൻഡസ്ട്രീസ് | 17/249 | 06 | $1^{st}$ &$2^{nd}$ അർദ്ധവർഷം |
| 13 | യൂണിവേഴ്സൽ പ്രോ ഓഡിയോ | 13/402 എ | 10 | $1^{st}$ &$2^{nd}$ അർദ്ധവർഷം |

## 1-14 സ്ഥാപന തൊഴിൽ നികുതി അടക്കാത്തതു സംബന്ധിച്ച്

ഉദയംപേരൂർ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപന സ്ഥാപനങ്ങളിലെ 2020-21 വർഷത്തെ സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം 18/2020-21 തീയതി.21/03/2022 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. സ്ഥാപന തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

| സ്ഥാപനത്തിന്റെ പേര് | റിമാർക്ക്സ് |
|---|---|
| സൌത്ത് പറവൂർ ക്ഷീരോല്പാദക സഹകരണസംഘം | ആദ്യ പകുതിയും, രണ്ടാം പകുതിയും |
| മണപ്പുറം ഫിനാൻസ്,പൂത്തോട്ട | ആദ്യ പകുതി |
| മുത്തൂറ്റ് ഫിൻകോർപ്പ്, സൌത്ത് പറവൂർ | രണ്ടാം പകുതി |
| മുത്തൂറ്റ് ഫിൻകോർപ്പ്, ഉദയംപേരൂർ | രണ്ടാം പകുതി |
| കരിങ്ങാനപ്പിള്ളി ഫിൻവെസ്റ്റ് | രണ്ടാം പകുതി |
| എച്ച് ഡി എഫ് സി ബാങ്ക് | രണ്ടാം പകുതി |
| കണ്ടനാട് ക്ഷീരോല്പാദക സഹകരണസംഘം | ആദ്യ പകുതിയും, രണ്ടാം പകുതിയും |

## 1-15 PVC വാട്ടർ ടാങ്ക് വിതരണം- ഫണ്ട് വിനിയോഗത്തിലും ടാങ്ക് വിതരണത്തിലും അപാകത

പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് 500 ലിറ്റർ സംഭരണശേഷിയുള്ള PVC വാട്ടർ ടാങ്ക് നല്കുന്നതിന് അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ PVC വാട്ടർ ടാങ്ക് വിതരണം എന്ന പ്രൊജക്ടിൽ ഗുണഭോക്തൃവിഹിതം ചെലവഴിക്കാതെ SCP ഫണ്ട് മാത്രം ഉപയോഗിച്ചും ഒരു വ്യക്തിയിൽ നിന്നും ഗുണഭോക്തൃവിഹിതം ഈടാക്കാതെയും നടപ്പാക്കി. വിശദവിവരങ്ങൾ ഖണ്ഡിക 3-1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-16 അർഹതയില്ലാത്ത വിദ്യാർത്ഥിനിക്ക് ധനസഹായം നല്കി

പട്ടികജാതി വിഭാഗത്തിൽപെട്ടവർക്ക് ഉന്നതവിദ്യാഭ്യാസത്തിന് ധനസഹായം നല്കുന്നതിന് ഹെഡ് മിസ്ട്രസ്സ് നടപ്പിലാക്കിയ 'പട്ടികജാതി വിഭാഗക്കാർക്ക് ഉന്നതവിദ്യാഭ്യാസത്തിന് ധനസഹായം' എന്ന പ്രൊജക്ട് പ്രകാരം സർക്കാർ അംഗീകാരമില്ലാത്ത കോഴ്സിൽ പഠനം നടത്തിയ ഒരു വിദ്യാർത്ഥിനിക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ ഖണ്ഡിക 3-2 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-17 എസ് ടി വിദ്യാർത്ഥികൾക്ക് പഠനഉപകരണങ്ങൾ -അപാകത

പഞ്ചായത്തിലെ എസ് ടി വിദ്യാർത്ഥികൾക്ക് പഠനഉപകരണങ്ങൾ നല്കുന്നതിന് അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ പ്രൊജക്ട് പ്രകാരം 14250/-രൂപ Ernakulam District Wholesale Co-operative Consumers Store Ltd ന് നല്കിയതായി ബില്ലിൽ കാണിച്ചിട്ടുണ്ടെങ്കിലും സ്ഥാപനം നല്കിയ ബില്ലോ മറ്റ് രേഖകളോ ഇല്ല. വിശദവിവരങ്ങൾ ഖണ്ഡിക 3-3 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-18 മത്സ്യത്തൊഴിലാളികളുടെ വിദ്യാർത്ഥികളായ മക്കൾക്ക് ലാപ്പ്ടോപ്പ് നല്കിയത്- അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം. | Soo 51/21 |
| പ്രോജക്ടിന്റെ പേര് | മത്സ്യത്തൊഴിലാളികളുടെ വിദ്യാർത്ഥികളായ മക്കൾക്ക് ലാപ്പ്ടോപ്പ് |
| അടങ്കൽ | 1200000/- |
| ചെലവ് | 823800/- |

| | |
|---|---|
| ബിൽനം& തീയതി | 327/10-03-21 |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഫിഷറീസ് സബ് ഇൻസ്പെക്ടർ |

ടി പ്രോജക്ട് പ്രകാരം 30 Acer ലാപ്പ്ടോപ്പുകൾ(ഇൻവോയിസ് നമ്പർ. Pysl21023710/25-08-2021)കെൽട്രോണിൽ നിന്നും വാങ്ങിയിട്ടുണ്ട്. ഒരു ലാപ്ടോപിന് 27460/- രൂപ പ്രകാരം 30 ലാപ്ടോപ്പുകൾക്ക് 823800/-രൂപ നല്കിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ നിന്നും ഇതിൽ ഒരു ലാപ്പ്ടോപ്പ് നഷ്ടപ്പെട്ടതായി വ്യക്തമായിട്ടുണ്ട്. വിശദവിവരങ്ങൾ ഖണ്ഡിക 3-4 ൽ വ്യക്തമാക്കിയിട്ടുണ്ട്.

## 1-19 കാന നിർമ്മാണ പ്രവൃത്തികളിൽ അധിക നിരക്ക് അനുവദിച്ചത് മൂലം അധിക ചെലവ്

ഗ്രാമപഞ്ചായത്തിൽ തൻവർഷം പൂർത്തീകരിച്ചിട്ടുള്ള കാന നിർമ്മാണ പ്രവൃത്തികളിൽ എർത്ത് വർക്ക് എക്സ്കവേഷൻ, സൈഡ് വാൾ നിർമ്മാണം എന്നീ ഇനങ്ങൾക്ക് അധിക നിരക്ക് അനുവദിച്ചതു മൂലം 92,262/- രൂപയുടെ അധിക ചെലവുണ്ടായിട്ടുണ്ട്. വിശദ വിവരം ഭാഗം 3.5 ൽ ചേർത്തിട്ടുണ്ട്.

## 1-20 സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻമാർക്കുള്ള ക്യാബിനുകളും പഞ്ചായത്ത് അംഗങ്ങൾക്കുള്ള ഇരിപ്പിടങ്ങളും നിർമ്മിച്ചത്-പ്രവൃത്തിയിലെ അപാകതകൾ

| | |
|---|---|
| പ്രൊജക്ട് നമ്പർ | 168/21(സ്പിൽ ഓവർ) |
| പ്രൊജക്ടിന്റെ പേര് | സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻമാർക്കുള്ള ക്യാബിനുകളും പഞ്ചായത്ത് അംഗങ്ങൾക്കുള്ള ഇരിപ്പിടങ്ങളും സജ്ജീകരിക്കൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 11,62,000/-(തനത് ഫണ്ട്) |
| ചെലവ് | 11,62,000/-(വൗച്ചർ നമ്പർ-22000656/10.11.20) |

പ്രൊജക്ട് പ്രകാരം പഞ്ചായത്ത് ഓഫീസിൽ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻമാർക്കുള്ള ക്യാബിനുകളും പഞ്ചായത്ത് അംഗങ്ങൾക്കുള്ള ഇരിപ്പിടങ്ങളും നിർമ്മിച്ചതിന് സിഡ്കോയ്ക്ക് തുക നൽകി. Proforma Invoice No.SMCMJRI/PR/19-20/055/29.5.19 പ്രകാരമുള്ള 11,62,000/-രൂപ തന്നെയാണ് പണി പൂർത്തീകരിച്ചതിനു ശേഷം ഇൻവോയ്സ് നമ്പർ MJRI/20-21/41/13.08.20 പ്രകാരവും (2,09,759/-) ഇൻവോയ്സ് നമ്പർ MJRI/19-20/298/28.02.20 പ്രകാരവും (9,52,241/-) നൽകിയത്. 13.08.20 ലെ 2,09,759/-രൂപയുടെ ഇൻവോയ്സ് വിവിധയിനം കസേരകൾ വാങ്ങിയതിന്റെ ആണ്. Executive High Back Revolving Chair-2എണ്ണം, Steel Chair-15 എണ്ണം, Jefferson Chair With Cushion Seat And Back-8 എണ്ണം, Steel Perforated Chair, Powder Coated, 3 Seated-2 എണ്ണം എന്നിങ്ങനെ 27 എണ്ണം കസേരകളാണ് വാങ്ങിയത്. സിഡ്കോയിൽ നിന്നുമുള്ള സ്റ്റീൽ, മരം ഫർണിച്ചറുകൾ ടെൻഡർ നടപടി കൂടാതെ നേരിട്ട് വാങ്ങുന്നതിന് ഓരോ ഇനം ഫർണിച്ചറിനും സർക്കാർ നിരക്ക് നിർണ്ണയിച്ച നൽകിയിട്ടുണ്ട്. സർക്കാർ അംഗീകരിച്ച നൽകിയ PRICE LIST ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. PRICE LIST ൽ ഉൾപ്പെട്ടവയാണോ എന്നും നിരക്ക് സർക്കാർ അംഗീകരിച്ചതു തന്നെയാണോയെന്നും ഉറപ്പ വരുത്താതെയാണ് തുക നൽകിയത്. സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കാത്തതിനാൽ കസേരകൾ സ്റ്റോക്കിൽ എടുത്തിട്ടുണ്ടോയെന്ന് വ്യക്തമല്ല.

ക്യാബിൻ, പാനലിംഗ്, സീലിംഗ് വർക്ക്, വിൻഡോ കർട്ടൻ വർക്ക് തുടങ്ങിയവയ്ക്ക് സിഡ്കോ നിശ്ചയിച്ച യൂണിറ്റ് നിരക്ക് അടിസ്ഥാനമാക്കിയാണ് 28.02.2020 ലെ 9,52,241/-രൂപയുടെ ഇൻവോയ്സ് പ്രകാരം തുക നൽകിയത്. നിരക്ക് നിശ്ചയിച്ചതിന്റെ ആധികാരികത വ്യക്തമല്ല. ഫർണിഷിംഗ് പ്രവൃത്തിക്കുള്ള അക്രഡിറ്റഡ് ഏജൻസിയായി സർക്കാർ സിഡ്കോയെ അംഗീകരിച്ചിട്ടുണ്ട്.

സിഡ്കോ ചെയ്ത ഫർണിഷിംഗ് പ്രവൃത്തിയുടെ അളവ് എടുത്ത് വാല്യുവേഷൻ സർട്ടിഫിക്കറ്റ്

എൽ.എസ്.ജി.ഡി.അസി. എൻജിനീയർ നൽകിയിട്ടില്ല. ഉദയംപേരൂർ പഞ്ചായത്ത് ഓഫീസിൽ സിഡ്കോ മാർക്കറ്റിംഗ് സെന്റർ,മഞ്ചേരി മുഖേന ഓഫീസ് നവീകരണം പൂർത്തിയായിട്ടുണ്ടെന്ന് മാത്രമേ അസി.എൻജിനീയർ 04.11.20 ൽ സർട്ടിഫിക്കറ്റ് നൽകിയിട്ടുള്ളൂ. അസി.എൻജിനീയറുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കാതെ സിഡ്കോ നിശ്ചയിച്ച നിരക്ക് അടിസ്ഥാനമാക്കി മാത്രം തുക നൽകി.

സിഡ്കോ ലഭ്യമാക്കിയ ഫർണിച്ചറിന്റെ നിരക്കിന്റെ ആധികാരികത ഉറപ്പ് വരുത്താതെയും ചെയ്ത പ്രവൃത്തിയുടെ അളവ് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥനെ കൊണ്ട് നിർണ്ണയിക്കാതെയും, നിശ്ചയിച്ച നിരക്ക് അംഗീകൃതമാണോയെന്ന പരിശോധിക്കാതെയും ഇത് സംബന്ധിച്ച് കൂടുതൽ അന്വേഷണങ്ങൾ നടത്താതെയും സിഡ്കോ ചോദിച്ച തുക തന്നെ അനുവദിച്ച നൽകിയത് പഞ്ചായത്തിന്റെ ഭാഗത്തു നിന്നുള്ള ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.

സെക്രട്ടറിയും സിഡ്കോയും തമ്മിൽ വെച്ച കരാറിൽ പ്രവൃത്തികൾക്ക് 3 വർഷം വാറന്റിയുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. കരാറിൽ സെക്രട്ടറി ഒപ്പു വെച്ചിട്ടില്ല. കമ്മറ്റി ഹാളിലെ മേശയുടെ ഒരു ഭാഗം പൊട്ടിയതിൽ ഇൻസുലേഷൻ ടേപ്പ് ഒട്ടിച്ചിട്ടുണ്ട്. ലാമിനേഷൻ പലയിടത്തും ഇളകി വന്നിട്ടുണ്ട്. 3 വർഷം വാറന്റി ഉണ്ടായിട്ടും സിഡ്കോയെ അറിയിച്ച് Replacement/Repair നടത്തി പൂർവ്വസ്ഥിതിയിൽ ആക്കാത്തത് പഞ്ചായത്തിന്റെ ഭാഗത്തു നിന്നുള്ള അലംഭാവമായി ഓഡിറ്റ് വിലയിരുത്തുന്നു. ഭീമമായ തുക ചെലവഴിച്ച് സൃഷ്ടിച്ച ആസ്തികൾ സംരക്ഷിക്കുന്നതിൽ കുറച്ചു കൂടി ശ്രദ്ധ പുലർത്തേണ്ടതാണ്.

മേൽ വിഷയം സംബന്ധിച്ച് നൽകിയ 19/21.03.2022 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ഹാജരാക്കിയില്ല. രേഖകളുടെയും വിശദീകരണത്തിന്റെയും അഭാവത്തിൽ, പഞ്ചായത്ത് അംഗങ്ങൾക്ക് ഇരിപ്പിടം സജ്ജീകരിക്കുന്നതിനായി ചെലവഴിച്ച 11,62,000/-രൂപ തടസപ്പെടുത്തുന്നു.

## 1-21 വസ്തുനികുതി ഡിമാന്റ് നോട്ടീസ് വിതരണം ചെയ്തതിന് അനുവദിച്ച തുകയുടെ കൈപ്പറ്റ് വിവരം ലഭ്യമല്ല

ഉദയംപേരൂർ ഗ്രാമപഞ്ചായത്തിലെ 1 മുതൽ 20 വരെയുള്ള വാർഡുകളിൽ 2019-20 വർഷം വസ്തു നികുതി ഡിമാന്റ് നോട്ടീസ് വിതരണം ചെയ്തതിന് ഒരു നോട്ടീസിന് 5/-രൂപ നിരക്കിൽ ആകെ 33660/-രൂപ വൗച്ചർ നമ്പർ 22000054,തീയതി 23.04.2020 (ചെക്ക് നമ്പർ-330038/23.04.2020,SBI) പ്രകാരം തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. നോട്ടീസുകൾ വിതരണം ചെയ്യാൻ ഓരോ വാർഡിലും ആരെയൊക്കെയാണ് ചുമതലപ്പെടുത്തിയത് എന്ന വിവരം ലഭ്യമല്ല. ടി തുക വിതരണം ചെയ്യുന്നതിന് സെക്രട്ടറി പുറപ്പെടുവിച്ച നടപടിക്രമവും ആർക്കൊക്കെയാണ് തുക വിതരണം ചെയ്തത് എന്നത് സംബന്ധിച്ച രേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ഇതു സംബന്ധിച്ച് നൽകിയ 35/22.03.22 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ചെലവിനെ സാധൂകരിക്കുന്ന രേഖകളുടെ അഭാവത്തിൽ 33,660/-രൂപ തടസപ്പെടുത്തുന്നു.

## 1-22 വെട്ടിയ മരം ലേലം ചെയ്തതിന്റെ വിവരം ലഭ്യമല്ല

ഗവ.വി.ജെ.ബി.എസ്,വലിയകുളം ,ഉദയംപേരൂർ കോമ്പൗണ്ടിൽ നിന്നിരുന്ന വലിയ ഉണങ്ങിയ ആഞ്ഞിലി മരം കുട്ടികൾക്കും സ്കൂൾ കെട്ടിടത്തിനും അപകട ഭീഷണി ഉയർത്തിയ സാഹചര്യത്തിൽ പഞ്ചായത്ത് സെക്രട്ടറിയുടെ നിർദേശ പ്രകാരം മരം വെട്ടിയിട്ടുവെന്നും ആയതിന് ചെലവായ തുക 10,000/-രൂപ അനുവദിച്ചു നൽകണമെന്നുള്ള ഹെഡ്മിസ്ട്രസിന്റെ 19.02.20 ലെ അപേക്ഷയെ തുടർന്ന് വൗച്ചർ നമ്പർ - 22000103/07.05.20 പ്രകാരം 10,000/-രൂപ തനത് ഫണ്ടിൽ നിന്നും ടിയാൾക്ക് നൽകി. മരത്തിന് ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിൽ നിന്നും വില നിർണയിച്ചു തന്നിട്ടുള്ളതായി ഹെഡ്മിസ്ട്രസിന്റെ 19.02.20 ലെ കത്തിൽ പരാമർശിച്ചിട്ടുണ്ട്. മരം ലേലം ചെയ്ത് തനത് ഫണ്ടിലേക്ക് തുക മുതൽക്കൂട്ടിയതിന്റെ വിശദാംശങ്ങൾ അറിയിക്കുവാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ 32/22.03.22 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ഹാജരാക്കിയില്ല. ഓഡിറ്റ് എൻക്വയറി മുഖേന ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കുന്നതു വരെ 10,000/-രൂപ തടസപ്പെടുത്തുന്നു.

1-23 സാക്ഷരത പ്രേരകുമാർക്ക് നൽകിയ ഹോണറേറിയം സാക്ഷരത മിഷനിൽ നിന്നും തിരികെ ലഭിച്ചില്ല

ഗ്രാമപഞ്ചായത്തിലെ സാക്ഷരത പ്രേരകുമാരായ ശ്രീമതി എം.സി ബേബി, ശ്രീമതി നിർമ്മല കെ.എം. എന്നിവർക്ക് 2020 ഡിസംബർ മാസത്തിലെ ഹോണറേറിയം 7560/-രൂപ വീതവും 2021 ജനുവരി മാസത്തെ ഹോണറേറിയം 8280/-രൂപ വീതവും ആകെ 15840/-രൂപ യഥാക്രമം വൗച്ചർ നമ്പർ 22001273/27.03.21, വൗച്ചർ നമ്പർ 22001274/27.03.21 എന്നിവ പ്രകാരം തനത് ഫണ്ടിൽ നിന്നും നൽകി. സംസ്ഥാന സാക്ഷരത മിഷൻ അതോറിറ്റിയിലെ ഫണ്ടിന്റെ അപര്യാപ്തത മൂലം സ.ഉ.(സാധാ)നം.626/2021/ത.സ്വ.ഭ.വ.,തീയതി 26.02.2021 ലെ നിർദ്ദേശ പ്രകാരമാണ് സാക്ഷരത മിഷന് ഫണ്ട് ലഭ്യമാകുമ്പോൾ തുക തിരികെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് നൽകണമെന്ന വ്യവസ്ഥയിൽ തനത് ഫണ്ടിൽ നിന്നും ഹോണറേറിയം നൽകിയത്. 15840/-രൂപ സാക്ഷരത മിഷനിൽ നിന്നും തിരികെ ലഭിച്ചിട്ടില്ല. പഞ്ചായത്തിന് തിരികെ കിട്ടാനുള്ള തുകയായതിനാൽ അഡ്വാൻസ് ഹെഡിലാണ് ടി തുക അക്കൗണ്ട് ചെയ്യേണ്ടിയിരുന്നത്. എന്നാൽ 251101101 Continuing Education And Non-formal Education-General എന്ന അക്കൗണ്ട് ഹെഡിൽ തെറ്റായി എടുത്ത് തുക ചെലവായി കാണിക്കുകയാണ് ചെയ്തത്. മേൽ വിഷയം സംബന്ധിച്ച് നൽകിയ 28/22.03.22 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് തുക സാക്ഷരത മിഷനിൽ നിന്നും തിരികെ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന മറുപടി ലഭ്യമാക്കി. തുക തിരികെ ലഭ്യമാകുന്നതു വരെ 15840/-രൂപ തടസപ്പെടുത്തുന്നു.

1-24 ബൈ ബാക്ക് സ്കീം മുഖേന യു.പി.എസ്.ബാറ്ററികളുടെ വിലയിൽ കുറവ് ലഭിച്ചില്ല

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 240/21 |
| പ്രൊജക്റ്റിന്റെ പേര് | പഞ്ചായത്ത് ഓഫീസിന് യു.പി.എസും ബാറ്ററിയും വാങ്ങൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 38,430/-(വികസന ഫണ്ട്)<br>1,41,660/-(തനത് ഫണ്ട്) |
| ചെലവ് | 1,26,690/-(തനത് ഫണ്ട്)<br>വൗച്ചർ നമ്പർ-22001280/29.03.21 |

പ്രൊജക്റ്റ് പ്രകാരം യു.പി.എസിന് 10 എണ്ണം 12V 130AH Tubular Battery കെൽട്രോണിൽ നിന്നും വാങ്ങി (ഇൻവോയ്സ് നമ്പർ-211521/27.03.21). 10 ബാറ്ററികൾക്ക് 1,29,000/-രൂപയും 28% ജി.എസ്.ടി 36,120/-രൂപയും അടക്കം ആകെ 1,65,120/-രൂപയാണ് ഇൻവോയ്സ് പ്രകാരമുള്ള തുക.ടി തുകയിൽ 1,26,690/-രൂപ 2020-21 വർഷം മേൽ സൂചിപ്പിച്ചതു പ്രകാരം നൽകി. ഫയലിലെ രേഖകൾ പ്രകാരം, 38,430/-രൂപ 2021-22 വർഷം നൽകിയിട്ടുണ്ട്. സൂചിക പ്രകാരമുള്ള ഓഫീസ് കുറിപ്പിൽ രേഖപ്പെടുത്തിയിട്ടുള്ളത് പഴയ യു.പി.എസ് ബാറ്ററി ഒരെണ്ണത്തിന് 1500/-രൂപ Buy Back Scheme മുഖേന കെൽട്രോണിൽ നിന്നും ലഭിക്കുമെന്നാണ്. ഇപ്രകാരം 10 ബാറ്ററിയുടെ വിലയായ 15,000/-രൂപ ഇൻവോയ്സ് തുകയിൽ നിന്നും കുറവ് ചെയ്ത് ബാക്കി തുകയാണ് കെൽട്രോണിന് നൽകേണ്ടിയിരുന്നത്. എന്നാൽ ഇൻവോയ്സിൽ തുക കുറവു ചെയ്തിട്ടില്ല. 10 ബാറ്ററികൾ കെൽട്രോണിന് നൽകിയിട്ടുണ്ടോയെന്ന് വ്യക്തമല്ല. കെൽട്രോണിന് നൽകാതെ ബാറ്ററികൾ മറ്റാർക്കെങ്കിലും കൈമാറിയോ എന്നതു സംബന്ധിച്ച വിവരവും ഫയലിൽ ഇല്ല. യു.പി.എസിന് പുതിയ ബാറ്ററികൾ വാങ്ങുന്നതിന്റെ ആവശ്യകത സംബന്ധിച്ച് ഫയലിൽ രേഖപ്പെടുത്തലുകൾ ഒന്നും തന്നെയില്ല. ബാറ്ററികൾ കൈമാറിയത് സംബന്ധിച്ച് അവ്യക്തത ഉള്ളതിനാലും ഈ വിഷയം സംബന്ധിച്ച് നൽകിയ 16/20.03.22 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ഹാജരാക്കാത്തതിനാലും യഥാർത്ഥ വസ്തുത ഓഡിറ്റിനെ അറിയിക്കുന്നതു വരെ 1,26,690/-രൂപ തടസപ്പെടുത്തുന്നു.

1-25 പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിൽ ക്യാബിൻ വർക്കും ഫർണിഷിംഗും-വാല്യുവേഷൻ ഇല്ലാതെ ഉയർന്ന നിരക്ക് അനുവദിച്ചു

| | |
|---|---|
| പ്രൊജക്ട് നമ്പർ | 167/21(സ്പിൽ ഓവർ) |
| പ്രൊജക്ടിന്റെ പേര് | പുതിയ പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിൽ ക്യാബിൻ വർക്കും ഫർണിഷിംഗും |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 35,00,000/-(തനത് ഫണ്ട്) |
| ചെലവ് | 34,54,544/-(വൗച്ചർ നമ്പർ-22000660/10.11.2020) |

പ്രൊജക്ട് പ്രകാരം പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിൽ ക്യാബിൻ വർക്കും ഫർണിഷിംഗും എന്ന പ്രവൃത്തി ചെയ്യതിന് സിഡ്കോയ്ക്ക് തുക നൽകി. ഇൻവോയ്സ് നമ്പർ MJRI/18-19/570/29.3.19 പ്രകാരമാണ് തുക നൽകിയത്. ഇൻവോയ്സ് പ്രകാരം വിവിധയിനം കസേരകൾ വാങ്ങിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | ആകെ എണ്ണം |
|---|---|---|
| 1 | Steel Chair With Cushion Seat And Back | 33 |
| 2 | Steel Visitors Chair With Cushion Seat And Back | 24 |
| 3 | Executive High Back Revolving Chair(special Type) | 02 |
| 4 | Executive High Back Revolving Chair | 01 |
| | Total | 60 |

ഇൻവോയ്സിൽ ഫർണിച്ചർ സ്റ്റോക്ക് എൻട്രി നടത്തിയതായി രേഖപ്പെടുത്തി ഇൻവോയ്സുകൾ ക്യാൻസൽ ചെയ്ത് സൂക്ഷിച്ചിട്ടില്ല. കസേരകൾ നമ്പരിട്ട് സ്റ്റോക്കിൽ എടുത്തതിന്റെ രേഖകൾ ഹാജരാക്കിയില്ല.

സീലിംഗ് വിത്ത് ലൈറ്റ്, വാൾ പാനലിംഗ്, ഉടങ്ങിയ പ്രവൃത്തികൾക്ക് സിഡ്കോ നിശ്ചയിച്ച യൂണിറ്റ് നിരക്ക് അടിസ്ഥാനമാക്കി ആകെ പ്രവൃത്തി ചെയ്ത സ്ക്വയർ ഫീറ്റിനാണ് തുക നൽകിയത്. ഫർണിഷിംഗ് പ്രവൃത്തിക്കുള്ള അക്രഡിറ്റഡ് ഏജൻസിയായി സർക്കാർ സിഡ്കോയെ അംഗീകരിച്ചിട്ടുണ്ട്. ഇൻവോയ്സിലെ ഓരോ ഇനം പ്രവൃത്തിക്കും മാർക്കറ്റ് റേറ്റ് ആണോ അതോ സർക്കാർ നിശ്ചയിച്ച് നൽകിയ നിരക്കാണോ ആധാരമാക്കിയതെന്ന് വ്യക്തമല്ല.

സിഡ്കോ ചെയ്ത ഫർണിഷിംഗ് പ്രവൃത്തിയുടെ അളവ് എടുത്ത് വാല്യുവേഷൻ സർട്ടിഫിക്കറ്റ് എൽ.എസ്.ജി.ഡി.അസി. എൻജിനീയർ നൽകിയിട്ടില്ല. ഉദയംപേരൂർ പഞ്ചായത്ത് ഓഫീസിൽ സിഡ്കോ മാർക്കറ്റിംഗ് സെന്റർ, മഞ്ചേരി മുഖേന ഓഫീസ് നവീകരണം പൂർത്തിയായിട്ടുണ്ടെന്ന് മാത്രമേ അസി.എൻജിനീയർ 04.11.20 ൽ സർട്ടിഫിക്കറ്റ് നൽകിയിട്ടുള്ളൂ. അസി.എൻജിനീയറുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കാതെ സിഡ്കോ നിശ്ചയിച്ച നിരക്കിനെ മാത്രം അടിസ്ഥാനമാക്കി മേൽ പരിശോധനകളൊന്നും തന്നെയില്ലാതെ 35 ലക്ഷത്തോളം രൂപ അനുവദിച്ച് നൽകിയത് പഞ്ചായത്തിന്റെ ഭാഗത്തു നിന്നുമുള്ള ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. പഞ്ചായത്ത് ഓഫീസ് ഫർണിഷിംഗുമായി ബന്ധപ്പെട്ട പ്രൊജക്ട് നമ്പർ 167/2021,168/2021 എന്നിവ പ്രകാരം 46,16,544/- രൂപയാണ് (11,62,000+34,54,544) മേൽ പരിശോധനയും വാല്യുവേഷനും ഇല്ലാതെ സിഡ്കോയ്ക്ക് നൽകിയത്.

പഞ്ചായത്ത് ഓഫീസ് ഫർണിഷിംഗുമായി ബന്ധപ്പെട്ട പ്രൊജക്ട് നമ്പർ 167/2021,168/2021 എന്നിവ പ്രകാരം ആകെ ചെലവ് 46,16,544/- (11,62,000+34,54,544) രൂപയാണെങ്കിലും സിഡ്കോ 44,59,792/-രൂപ കൈപ്പറ്റിയതായുള്ള രേഖകൾ മാത്രമേ ഫയലിൽ ഉൾപ്പെടുത്തിയിട്ടുള്ളൂ. 1,56,752/-രൂപയുടെ കൈപ്പറ്റ് രേഖ ലഭിച്ചിട്ടില്ല. ആയത് ലഭ്യമാക്കി ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.പഞ്ചായത്ത് ഓഫീസ് ഫർണിഷിംഗുമായി ബന്ധപ്പെട്ട് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 22/21.3.22 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ഹാജരാക്കിയില്ല. സിഡ്കോ ഓരോയിനം പ്രവൃത്തിക്കും നിശ്ചയിച്ച നിരക്കിന്റെ ആധികാരികത വ്യക്തമല്ലാത്തതിനാലും

ഫർണീഷിംഗ് പ്രവൃത്തിയുടെ അളവ് എടുത്ത് വാല്യുവേഷൻ സർട്ടിഫിക്കറ്റ് അസി.എഞ്ചിനിയർ, എൽ.എസ്.ജി.ഡി നൽകിയിട്ടില്ലാത്തതിനാലും പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിൽ ക്യാബിൻ വർക്കിനും ഫർണിഷിംഗിനും പ്രൊജക്ട് നമ്പർ 167/2021 പ്രകാരം ചെലവഴിച്ച 34,54,544/-രൂപ തടസപ്പെടുത്തുന്നു.

1-26 മരുന്ന് പൂർണ്ണമായും ലഭിച്ചിട്ടില്ല. 243855/-രൂപ തടസ്സപ്പെടുത്തുന്നു

| | | |
|---|---|---|
| പ്രൊജക്ട് നം.,പേര് | എസ് 0038/21,<br>അലോപ്പതി മരുന്ന് വാങ്ങൽ | |
| അടങ്കൽ | 4,50,000/- മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ് ) | |
| ചെലവ് | 4,49,997 /- | 1) BRN 337829/14.07.20 – 9058/- |
| | | 2) BRN 410992/21.08.20 – 4266/- |
| | | 3) BRN 681689/05.11.20 – 14967/- |
| | | 4) BRN 810676/16.12.20 – 6386/- |
| | | 5) BRN 1028641/05.02.21 – 20545/- |
| | | 6) BRN 1112420/22.02.21 – 3,94,000/- |
| | | 7) BRN 1234427/17.03.21 – 775/- |
| നിർവഹണഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പിഎച്ച്സി | |

ഓഡിറ്റ് വർഷം പിഎച്ച്സി യിലേക്ക് മരുന്ന് വാങ്ങുന്നതിനായി മെഡിക്കൽ ഓഫീസർ നടപ്പാക്കിയ ഈ പദ്ധതി പ്രകാരം 4,49,997 /- രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 55,997/- രൂപയ്ക്കുള്ള മരുന്ന് SUPPLYCO യിൽ നിന്നാണ് വാങ്ങിയിട്ടുള്ളത്. 3,94,000/-രൂപ കേരള മെഡിക്കൽ സർവീസസ് കോർപറേഷന് കൈമാറിയിട്ടുണ്ട്. എന്നാൽ കാരുണ്യ മെഡിക്കൽ സ്റ്റോറിൽ നിന്നും ആകെ 1,50,145/- യ്ക്കുള്ള താഴെ പറയുന്ന ഇൻവോയ്സുകൾ പ്രകാരമുള്ള മരുന്നുകൾ മാത്രമേ ലഭിച്ചിട്ടുള്ളൂ.

1) 9921 / 03.01.22 – 6131 /-

2) 10787 / 03.01.22 – 34332 /-

3) 10793 / 03.01.22 – 36997 /-

4) 10796 / 03.01.22 – 2240 /-

5) 13865 / 24.02.22 – 26418 /-

6) 13867 / 24.02.22 – 44027 /-

അവശേഷിക്കുന്ന തുകയ്ക്കുള്ള മരുന്ന് ലഭ്യമാക്കുന്നതുവരെ 2,43,855/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-27 പഞ്ചായത്ത് ഓഫീസിൽ സി.സി.ടി.വി. സ്ഥാപിച്ചത്-അപാകതകൾ

| | |
|---|---|
| പ്രൊജക്ട് നമ്പർ | 158/21(സ്പിൽ ഓവർ) |
| പ്രൊജക്ടിന്റെ പേര് | പഞ്ചായത്ത് ഓഫീസിലേക്ക് സി.സി.ടി.വി. വാങ്ങലും സ്ഥാപിക്കലും |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

| | |
|---|---|
| അടങ്കൽ | 171000/-(തനത് ഫണ്ട്) |
| ചെലവ് | 171000/-(വൗച്ചർ നമ്പർ-22000556/09.10.20) |

പഞ്ചായത്ത് ഓഫീസിൽ സി.സി.ടി.വി സ്ഥാപിക്കുന്നതിനായി ടെണ്ടർ ലഭിച്ച SARMEP Engineering & Construction LLP, കുനമ്മാവ് എന്ന സ്ഥാപനം മുഖേന 16 സി.സി.ടി.വി.കൾ സ്ഥാപിച്ചു. സി.സി.ടി.വി.കൾ സ്ഥാപിക്കുന്ന പ്രവൃത്തിക്ക് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടത് പി.ഡബ്ളി.യു.ഡി. ഇലക്ട്രോണിക്സ് വിഭാഗമാണ്. എന്നാൽ പഞ്ചായത്ത് ഓഫീസിൽ 16 സി.സി.ടി.വി.കൾ സ്ഥാപിക്കുന്നതിന് ജില്ലാ പഞ്ചായത്ത് ഇലക്ട്രിക്കൽ പാനൽ എൻജിനീയറാണ് 1,71,000/-രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയത്. സി.സി.ടി.വി.യുടെയും അനുബന്ധ ഘടകങ്ങളുടെയും ജി.എസ്.ടി. ഇൻവോയ്സ് ലഭിച്ചിട്ടില്ല. 4TB ശേഷിയുള്ള 2 ഹാർഡ് ഡിസ്ക് ഡ്രൈവുകളുടെ വില കരാറുകാരന് നൽകിയെങ്കിലും ഓഡിറ്റ് വേളയിൽ സി.സി.ടി.വി.യിലെ സിസ്റ്റം പ്രോപ്പർട്ടീസ് പരിശോധിച്ചതിൽ 4TB ശേഷിയുള്ള ഒരു ഹാർഡ് ഡിസ്ക് മാത്രമേ സ്ഥാപിച്ചിട്ടുള്ളൂ എന്ന് വ്യക്തമായതിനാൽ ഒരു ഡ്രൈവിന്റെ വിലയായ 11,200/-രൂപ നിരാകരിക്കുന്നു. വിശദാംശങ്ങൾ ഈ ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക 3-6 ആയി ചേർത്തിട്ടുണ്ട്.

## 1-28 സി.എഫ്.എൽ.ടി.സി. സജ്ജീകരിക്കുന്നതിന് തുക ചെലവഴിച്ചത്-ചെലവ് രേഖകൾ ഇല്ല

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 222/21 |
| പ്രൊജക്ടിന്റെ പേര് | സി.എഫ്.എൽ.ടി.സി.-അടിസ്ഥാന സൗകര്യം ഒരുക്കൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 1000000/-(വികസന ഫണ്ട് -ജനറൽ) |
| ചെലവ് | 1,33,141/-(വികസന ഫണ്ട് -ജനറൽ) ട്രഷറി ബിൽ നമ്പർ-12/20-21 /30.9.2020,തുക-96,953/- ട്രഷറി ബിൽ നമ്പർ-15/20-21/19.11.2020,തുക-36,188/- |

പ്രൊജക്റ്റ് പ്രകാരം സി.എഫ്.എൽ.ടി.സി.യിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി വിവിധ സാധനങ്ങൾ വാങ്ങിയതിന് 1,33,141/-രൂപ വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചു.1,03,391/-രൂപയുടെ വിവിധ ഇൻവോയ്സുകളുടെ പകർപ്പുകൾ മാത്രമേ ഓഡിറ്റിൽ ഹാജരാക്കിയിട്ടുള്ളൂ.

ഹോം ഗാലറി, ദേശം, ആലുവ എന്ന സ്ഥാപനത്തിൽ നിന്നും വിവിധ സാധനങ്ങൾ വാങ്ങിയതിന് 59,500/-രൂപ, ട്രഷറി ബിൽ നമ്പർ-12/20-21/30.09.2020 പ്രകാരം നൽകിയിട്ടുണ്ട്. ഇതിൽ ബെഡ് ഷീറ്റ്, പില്ലോ, പില്ലോ കവർ, ബാത്ത് ടൗവൽ എന്നിവ 29750/-രൂപയ്ക്ക് സ്ഥാപനം സപ്ളൈ ചെയ്തതിന്റെ 150/20-21/29.07.20 നമ്പർ ഇൻവോയ്സിന്റെ പകർപ്പ് മാത്രമേ ഫയലിൽ ഉള്ളൂ. 50 എണ്ണം ബെഡ് 500/-രൂപ നിരക്കിൽ ലഭ്യമാക്കിയതിന് 18 ശതമാനം ജി.എസ്.ടി.അടക്കം 29750/-രൂപ നൽകിയിട്ടുണ്ടെന്ന് ഫയലിൽ സൂചിപ്പിച്ചിട്ടുണ്ടെങ്കിലും ആയതിന്റെ ഇൻവോയ്സിന്റെ പകർപ്പ് ഫയലിൽ ഇല്ല. വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ അറിയിക്കുവാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ 01/17.03.22 നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് നൽകിയ മറുപടിയിൽ സെക്രട്ടറി അറിയിച്ചത് പഞ്ചായത്തിൽ 3-ാം വാർഡിൽ ജീസസ് ജനറേഷൻ ഹാളിൽ സി.എഫ്.എൽ.ടി.സി.സജ്ജമാക്കിയിരുന്നെങ്കിലും രോഗികളെ പ്രവേശിപ്പിച്ചില്ലെന്നും പിന്നീട് ഉദയം പേരൂർ പി.എച്ച്.സി. ന്യൂ ബിൽഡിംഗിൽ ആരംഭിച്ച ഡൊമിസിലിയറി കെയർ സെന്ററിലാണ് രോഗികളെ പ്രവേശിപ്പിച്ചതുമെന്നാണ്. ഇതിൽ നിന്നും സി.എഫ്.എൽ.ടി.സിക്ക് മേൽ നമ്പർ പ്രൊജക്റ്റ് മുഖേന വാങ്ങിയ സാധനങ്ങൾ ഉപയോഗിച്ചിട്ടില്ലെന്ന് വ്യക്തമാണ്. സാധനങ്ങൾ പിന്നീട് എന്തു ചെയ്തു എന്ന് അറിയിക്കേണ്ടതാണ്. ചെലവ് രേഖകൾ ഹാജരാക്കാത്തതിനാൽ 29,750/-രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.

1-29 പട്ടികവർഗവിദ്യാർത്ഥിക്ക് ലാപ്പ്ടോപ്പ്-രേഖകളില്ല

| | |
|---|---|
| പ്രൊജക്റ്റ് നം.,പേര് | എസ് 0091/21 ,<br>പട്ടികവർഗവിദ്യാർത്ഥിക്ക് ലാപ് ടോപ് |
| അടങ്കൽ | 30,000 /- (വികസനഫണ്ട് -TSP) |
| ചെലവ് | 27,460 /- ബിൽ നം. 4 / 20-21 , 30.03.21 |
| നിർവഹണഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

പഞ്ചായത്തിലെ പട്ടികവർഗവിദ്യാർത്ഥിക്ക് ലാപ്പ്ടോപ്പ് നല്കുന്നതിന് നടപ്പാക്കിയതാണ് ഈ പ്രൊജക്റ്റ്. പിൻവലിച്ച തുക കേരള സ്റ്റേറ്റ് ഐടി മിഷന് നല്കിയിട്ടുണ്ട്. ഫയലിൽ KELTRON ന്റെ പ്രൊഫോർമ ഇൻവോയ്സ് മാത്രമാണുള്ളത്. ലാപ്പ്ടോപ്പ് ലഭ്യമായിട്ടുണ്ടെങ്കിൽ ടാക്സ് ഇൻവോയ്സും വിതരണം ചെയ്തതിന്റെ രേഖകളും പരിശോധനയ്ക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് എൻക്വയറി (നം.8,18.03.22) നല്കിയെങ്കിലും രേഖകൾ ഹാജരാക്കുകയുണ്ടായില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 27,460 /-രൂപ തടസ്സപ്പെടുത്തുന്നു.

1-30 ഹൈമാസ്റ്റ് ലൈറ്റുകളുടെ എ.എം.സി.കെൽട്രോണിന് നൽകിയത്-അപാകതകൾ

പഞ്ചായത്ത് പരിധിയിലുള്ള ഹൈമാസ്റ്റ് ലൈറ്റുകളുടെ എ.എം.സി ചാർജായി പ്രൊജക്റ്റ് നമ്പർ 231/21 പ്രകാരം തനത് ഫണ്ടിൽ നിന്നും 3,00,000/-രൂപ വകയിരുത്തി 63290/-രൂപ ചെലവഴിച്ചു(വൗച്ചർ നമ്പർ 22000702/13.11.20). കെൽട്രോണിന്റെ പ്രൊഫോർമ ഇൻവോയ്സ് നമ്പർ TSD/PI/07/20-21, തീയതി, 09.11.2020 ൽ പൂത്തോട്ട ജംഗ്ഷൻ, പുത്തൻകാവ് ജംഗ്ഷൻ, കണ്ടനാട് ജംഗ്ഷൻ, നടക്കാവ് ജംഗ്ഷൻ, ഉദയംപേരൂർ ജംഗ്ഷൻ എന്നിവിടങ്ങളിലെ ഹൈമാസ്റ്റ് ലൈറ്റുകളുടെ 02.11.20 മുതൽ 01.02.2021 വരെയുള്ള 3 മാസത്തെ എ.എം.സി ചാർജായി 63,290/-രൂപയും 18% ജി.എസ്.ടി.11392/-രൂപയും ചേർത്ത് ആകെ 74,682/-രൂപയാണ് കാണിച്ചിട്ടുള്ളത്. എന്നാൽ പഞ്ചായത്ത് ജി.എസ്.ടി. തുക ഒഴിവാക്കി 63290/-രൂപ നൽകി. ഒറിജിനൽ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ മാത്രം തുക അനുവദിച്ചാൽ മതിയെന്ന് ടി പ്രൊഫോർമ ഇൻവോയ്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഒറിജിനൽ ഇൻവോയ്സ് ലഭ്യമല്ല. പ്രൊഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിലാണ് തുക നൽകിയത്. ജി.എസ്.ടി ഇൻവോയ്സ് ഇല്ലാതെ തന്നെ ജി.എസ്.ടി. ടി.ഡി.എസ്. ഈടാക്കിയിട്ടുമുണ്ട്. മേൽ സൂചിപ്പിച്ച പരാമർശങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും ഒറിജിനൽ ഇൻവോയ്സ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

തനത് ഫണ്ട് വൗച്ചർ പരിശോധനയിൽ ലഭ്യമായ വിവരങ്ങളാണ് മുകളിൽ കൊടുത്തിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട പ്രൊജക്റ്റ് നമ്പർ-231/21 ഹാജരാക്കുവാൻ ആവശ്യപ്പെട്ടു കൊണ്ട് 09/18.03.22 നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കുകയോ എൻക്വയറിയിൽ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കുകയോ ചെയ്തില്ല. പ്രൊജക്ടിന് ഡി.പി.സി.അംഗീകാരം ലഭിച്ചതിന്റെ വിവരങ്ങൾ, എ.എം.സി ക്ഷണിച്ച് കൊണ്ടുള്ള ടെൻഡർ നടപടികൾ,കെൽട്രോണിന്റെ ടെൻഡർ പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ചതിന്റെ വിവരങ്ങൾ, എ.എം.സി. നൽകിയ കാലയളവും ആകെ തുകയും, എ.എം.സി നൽകിയ ഹൈമാസ്റ്റ് ലൈറ്റുകളുടെ എണ്ണം,സ്ഥാപിച്ചിരിക്കുന്ന സ്ഥലം,ഓരോ ഹൈമാസ്റ്റ് ലൈറ്റും സ്ഥാപിച്ച വർഷം, സ്ഥാപിക്കുന്നതിന് ഉപയോഗിച്ച ഫണ്ട്, വാറന്റി പീരിഡിൽ ഉള്ള ഹൈമാസ്റ്റ് ലൈറ്റുകളുടെ എണ്ണം, കെൽട്രോണുമായി സെക്രട്ടറി ഒപ്പു വെച്ച കരാർ എന്നിവ ഉൾപ്പെടെ പ്രൊജക്റ്റ് നമ്പർ-231/21 ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്. ഹൈമാസ്റ്റ് ലൈറ്റുകളുടെ മെയിന്റനൻസ് കെൽട്രോൺ നടത്തിയതു സംബന്ധിച്ച് കെ.എസ്.ഇ.ബി.യിൽ നിന്നുമുള്ള സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

ഹൈമാസ്റ്റ് ലൈറ്റുകളുടെ മെയിന്റനൻസ് പി.ഡബ്ളി.യു.ഡി.ഇലക്ട്രിക്കൽ ലൈസൻസ്, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ നിന്നുമുള്ള ലൈസൻസ് എന്നിവയുള്ള കരാറുകാർക്ക് മാത്രമേ ചെയ്യാൻ സാധിക്കു

അഥവാ അവർക്ക മാത്രമേ മെയിന്റനൻസ് പ്രവൃത്തി ചെയ്യാൻ കെ.എസ്.ഇ.ബി.യിൽ നിന്നും അനുമതി ലഭിച്ചു എന്നിരിക്കെ ഇലക്ട്രോണിക്സ് ഉപകരണങ്ങളുടെ സ്ഥാപനവും റിപ്പയറിംഗും നടത്തുന്ന കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ അഥവാ കെൽട്രോണിനെ ഇലക്ട്രിക്കൽ പ്രവൃത്തി ഏല്പിച്ചതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. ഹൈമാസ്റ്റ് ലൈറ്റുകളുടെ മെയിന്റനൻസിന് കെൽട്രോണിനെ ചുമതലപ്പെടുത്തി കൊണ്ടുള്ള സർക്കാർ ഉത്തരവ് ഉണ്ടെങ്കിൽ ഹാജരാക്കേണ്ടതാണ്. പനച്ചിക്കൽ ഹൈമാസ്റ്റ്, കമ്പിക്കകം ഹൈമാസ്റ്റ് എന്നിവയുടെ വൈദ്യുതി ചാർജ് തനത് ഫണ്ടിൽ നിന്നും അടവാക്കിയിട്ടുണ്ട്. ഈ രണ്ട് ഹൈമാസ്റ്റ് ലൈറ്റുകളുടെയും എ.എം.സി. ഏത് ഏജൻസിക്ക് ആണ് നൽകിയിരിക്കുന്നതെന്ന് അറിയിക്കേണ്ടതാണ്.

മേൽ ഖണ്ഡികകളിൽ പരാമർശിച്ചിരിക്കുന്ന പ്രൊജക്ട് ഫയൽ ഉൾപ്പെടെയുള്ള രേഖകൾ ഹാജരാക്കാത്തതിനാലും ഓഡിറ്റ് എൻക്വയറിക്ക് മറുപടി ഹാജരാക്കാത്തതിനാലും കെൽട്രോണിന് എ.എം.സി.ചാർജ് ഇനത്തിൽ നൽകിയ തുകയായ 63,290/-രൂപ തടസപ്പെടുത്തുന്നു.

## 1-31 അഡ്വക്കറ്റ് ഫീസ്-ആദായ നികുതി സ്രോതസിൽ നിന്നും കുറവ് ചെയ്ത് അടവാക്കിയില്ല

ഗ്രാമപഞ്ചായത്ത് കക്ഷിയായുള്ള വിവിധ കേസുകളിൽ കോടതിയിൽ ഹാജരായതിന് അഡ്വ. സി. ജി. ബിന്ദുവിന് അഡ്വക്കേറ്റ് ഫീസ് ഇനത്തിൽ 2020-21 വർഷം തനത് ഫണ്ടിൽ നിന്ന് ചുവടെ ചേർക്കുന്ന വൗച്ചറുകൾ പ്രകാരം തുക നൽകിയിട്ടുണ്ട്. എന്നാൽ 1961 ലെ ആദായ നികുതി നിയമം, വകുപ്പ് 194 J പ്രകാരം കൺസൾട്ടൻസി ഫീസ്, ലീഗൽ ഫീസ് തുടങ്ങിയ പ്രൊഫഷണൽ ചാർജുകളിൽ നിന്നും ഈടാക്കേണ്ട 10% ആദായ നികുതി സ്രോതസിൽ കുറവ് ചെയ്യാതെയാണ് തുക നൽകിയത്.

| ക്രമ നമ്പർ | വൗച്ചർ നമ്പരും തീയതിയും | തുക | സ്രോതസിൽ കുറവ് ചെയ്യേണ്ടിയിരുന്ന ആദായ നികുതി |
|---|---|---|---|
| 1 | 22000032/14.4.20 | 10,000 | 1000 |
| 2 | 22000033/14.4.20 | 30,000 | 3000 |
| 3 | 22000676/13.11.20 | 45,000 | 4500 |
| 4 | 22001049/18.02.21 | 65,000 | 6500 |
| 5 | 22001134/05.3.21 | 30,000 | 3000 |
| 6 | 22001267/27.3.21 | 60,000 | 6000 |
| | ആകെ | 2,40,000/- | 24000/- |

24,000/- രൂപ ടി.ഡി.എസ്.ആയി ഈടാക്കി കേന്ദ്ര ഗവൺമെന്റിൽ അടവാക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ 27/22.3.22 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ഹാജരാക്കിയ മറുപടി തൃപ്തികരമല്ല. അഡ്വ. സി. ജി. ബിന്ദുവിൽ നിന്നും PAN ലഭ്യമാക്കി ആദായ നികുതി അടവാക്കി വിവരം അറിയിക്കേണ്ടതാണ്. അഡ്വ. സി. ജി. ബിന്ദുവിൽ നിന്നും 24,000/-രൂപ ഈടാക്കി ആദായ നികുതി വകുപ്പിൽ അടവാക്കാത്ത പക്ഷം ആയത് സെക്രട്ടറിയുടെ വ്യക്തിപരമായ ബാധ്യതയായിരിക്കും.

## 1-32 കേരള ബിൽഡിംഗ് ആൻഡ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ഫണ്ട് -കളക്ഷൻ ചാർജ്ജ് ഈടാക്കുന്നില്ല

കേരള ബിൽഡിംഗ് ആൻഡ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ് ആക്ട്, 1996 പ്രകാരം പ്രവൃത്തികളിൽ കിഴിവ് വരുത്തുന്ന KBOCWW ഇനത്തിലുള്ള തുകയുടെ 1%തുക തദ്ദേശ സ്ഥാപനത്തിന് കളക്ഷൻ ചാർജ്ജായി ലഭിക്കുന്നതാണ്. എന്നാൽ ഇത്തരത്തിലൊരു കളക്ഷൻ ചാർജ് നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതത്തിൽ നിന്നും ഈടാക്കിയിട്ടില്ലാത്തതായി കാണുന്നു. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.23/21.3.22) നിർവ്വഹണ ഉദ്യോഗസ്ഥയായ അസി.എഞ്ചിനിയർ ലഭ്യമാക്കിയ മറുപടിയിൽ അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. കളക്ഷൻ ചാർജ്ജിനത്തിലുള്ള തുക ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ വിവരം

അറിയിക്കേണ്ടതാണ്.

1-33 കാലഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിൽ മുതൽകൂട്ടിയില്ല

കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 282 പ്രകാരം തുക ഡെപ്പോസിറ്റ് ചെയ്ത് മൂന്ന് സാമ്പത്തിക വർഷങ്ങൾക്ക ശേഷവും തിരികെ നൽകാത്ത സാഹചര്യത്തിൽ പ്രസ്തുത ഡെപ്പോസിറ്റ് തുകകൾ കാലഹരണപ്പെട്ടതായി കണക്കാക്കേണ്ടതും ആയത് തനത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടേണ്ടതുമാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിന്റെ 2020-21 സാമ്പത്തിക വർഷത്തിലെ ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന ഇനങ്ങളിൽ ടി കാലപരിധിയ്ക്ക് ശേഷമുള്ള തുകകളും ക്രമീകരിക്കപ്പെടാതെ നിലനിൽക്കുന്നതായി കാണുന്നു.

| ക്രമ നം. | ഇന വിവരം | 31.3.21 ലെ നീക്കിയിരുപ്പ് | നീക്കിയിരുപ്പ് തുകയുടെ കാലയളവ് |
|---|---|---|---|
| 1 | സപ്ലൈയേഴ്സ് ഇഎം.ഡി | 62890 | 2014-15 മുതൽ |
| 2 | കോൺട്രാക് ടേഴ്സ് എസ്.ഡി | 124852 | 2013-14 മുതൽ |
| 3 | ബിഡ്ഡേഴ്സ് ഇ.എം.ഡി | 172948 | 2012-13മുതൽ |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.03/17.03.22) സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ പരാമർശത്തിൻമേലുള്ള തുടർ നപടികൾ എത്രയും വേഗം സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

ടി നീക്കിയിരുപ്പിലുള്ള കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്തിന്റെ റവന്യൂ അക്കൗണ്ടിലേക്ക് മുതൽ കൂട്ടി വിവരം അറിയിക്കേണ്ടതാണ്.

1-34 ക്ഷീരകർഷകർക്ക് കാലിത്തീറ്റ -പ്ലാൻ ഫണ്ടിൽ നിന്നും മുൻകൂർ നൽകി

പ്രോജക്ട് നം- 60/2021

ബിൽ നം- 27/2020-21 Rs.708400/- C/o 29/03/2021

നിർവ്വഹണം-വെറ്ററിനറി സർജൻ, ഉദയംപേരൂർ

ഉദയംപേരൂർ ഗ്രാമപഞ്ചായത്തിലെ ക്ഷീരകർഷകർക്ക് കാലിത്തീറ്റ സബ്സിഡി നൽകുന്നതിന് നടപ്പിലാക്കിയ പദ്ധതി പ്രകാരം വിവിധ വാർഡുകളിലെ 80 ക്ഷീരകർഷകർക്ക് കാലിത്തീറ്റ വിലയുടെ 50% തുക സബ്സിഡിയായി 7 മാസം നൽകുന്നതിനായി വികസനഫണ്ടിൽ നിന്നും 7,08,400 രൂപ ഗ്രാമപഞ്ചായത്ത് വിഹിതമായി ഉൾപ്പെടുത്തിയിരുന്നു. ഗ്രാമപഞ്ചായത്തിലെ മൃഗസംരംക്ഷണ സമിതി 30/01/2021ൽ യോഗം ചേർന്ന് പദ്ധതിക്ക് ഈ വർഷം വകയിരുത്തിയ തുക സാമ്പത്തിക വർഷാവസാനത്തിനകം പൂർണ്ണമായി ചെലവഴിക്കുവാൻ സാധ്യതയില്ലാത്തതിനാൽ സബ്സിഡിക്കായി പദ്ധതിയിൽ വകയിരുത്തിയ തുക മുൻകൂറായി ഗ്രാമപഞ്ചായത്തിലെ നാല് ക്ഷീരസഹകരണ സംഘങ്ങൾക്ക് നൽകണമെന്നും ഈ തുക ഉപയോഗിച്ച് 7 മാസങ്ങളിൽ ഓരോ ക്ഷീരസംഘങ്ങളുടെയും പരിധിയിലുള്ള ക്ഷീരകർഷകർക്ക് കാലിത്തീറ്റ വിലയുടെ 50% സബ്സിഡി 7 മാസം നൽകുന്നതിന് കരാർ വയ്ക്കാമെന്നും അറിയിച്ചിരുന്നു. ഗ്രാമപഞ്ചായത്തിലെ മൃഗസംരംക്ഷണ സമിതിയുടെ തീരുമാനകുറിപ്പിൽ ഒപ്പുവച്ചിട്ടുള്ളത് ആകെ ഈ നാല് ക്ഷീരസംഘം ഭാരവാഹികളാണ്. നിർവ്വഹണ ഉദ്യോഗസ്ഥൻ ഈ നിർദ്ദേശം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ പരിഗണനക്ക് സമർപ്പിക്കുകയും ഭരണസമിതി 09/02/2021ലെ 3(3) നമ്പർ തീരുമാനപ്രകാരം ഈ നിർദ്ദേശം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇത് പ്രകാരം താഴെപ്പറയുന്ന ക്ഷീരസംഘങ്ങളുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രഷറി ബിൽ പ്രകാരം സബ്സിഡി തുക മുൻകൂറായി നൽകിയിട്ടുണ്ട്.

| ക്രമനം | ക്ഷീരസംഘത്തിന്റെ പേര് | അഡ്വാൻസ് നൽകിയ തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|

| | | | |
|---|---|---|---|
| 1 | ഉദയംപേരൂർ ക്ഷീരസഹകരണ സംഘം | 309925 | 35 |
| 2 | സൗത്ത്പറവൂർ ക്ഷീരസഹകരണ സംഘം | 185955 | 21 |
| 3 | കണ്ടനാട് ക്ഷീരസഹകരണ സംഘം | 177100 | 20 |
| 4 | മാളേക്കാട് ക്ഷീരസഹകരണ സംഘം | 35420 | 4 |
| | ആകെ | 7,08,400 | 80 |

ഗ്രാമപഞ്ചായത്തിന്റെ വികസനഫണ്ടിൽ നിന്നും വകയിരുത്തിയ തുക ലാപ്സാകാതിരിക്കുവാൻ പിൻവലിച്ച് സൂക്ഷിക്കുന്നതും അടുത്ത സാമ്പത്തിക വർഷം നടക്കേണ്ട ചെലവുകളുടെ തുക മുൻകൂറായി നൽകിയതും സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. ആനുകൂല്യ വിതരണത്തിന് ശേഷം മാത്രം നൽകേണ്ട പദ്ധതി വിഹിതം മുൻകൂറായി പദ്ധതിയിലെ ഗുണഭോക്താക്കളിൽ ഉൾപ്പെടുന്ന ക്ഷീരസംഘങ്ങളുടെ അപേക്ഷമാത്രം പരിഗണിച്ച് നൽകിയതും ക്രമപ്രകാരമല്ല. കൂടാതെ ക്ഷീരസംഘങ്ങൾ ക്ഷീരകർഷർക്ക് പദ്ധതി പ്രകാരമുള്ള അവസാന മാസത്തെ സബ്സിഡി നൽകിയിരിക്കുന്നത് അഡ്വാൻസ് കൈപ്പറ്റി ഏഴ് മാസങ്ങൾക്ക് ശേഷമാണ്. ഇത്രയും തുക ഇക്കാലയളവിൽ ക്ഷീരസംഘങ്ങൾക്ക് വിനിയോഗിക്കുവാൻ അവസരം സൃഷ്ടിച്ചു. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഉത്തരവ് (കൈ) നം-22/2018/ത.സ്വ.ഭ.വ, തിരുവനന്തപുരം തി.14/02/2018 പ്രകാരമുള്ള 2018-19 മുതൽ 2021-22 വരെയുള്ള വാർഷിക പദ്ധതികളുടെ മാർഗ്ഗരേഖയിലെ പൊതുനിബന്ധനകളിലെ ഖണ്ഡിക 2.11 പ്രകാരം സർക്കാർ പ്രത്യേകം അനുവദിച്ചിട്ടുള്ള പദ്ധതികളിലൊഴികെ സബ്സിഡി മുൻകൂറായി നൽകാൻ പാടില്ല എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആശുപത്രികളിലേക്കുള്ള മരുന്നുവാങ്ങൽ പോലുള്ള അടിയന്തിര ആവശ്യങ്ങൾക്കാണ് നിലവിൽ അഡ്വാൻസായി പദ്ധതി വിഹിതം ചെലവഴിക്കാവുന്നത്. ഈ വിഭാഗത്തിൽ ധനസഹായം നൽകാൻ സർക്കാരിൽ നിന്നും പ്രത്യേകം അനുവാദം വാങ്ങിയതായുള്ള രേഖകളൊന്നും ഹാജരാക്കിയിട്ടില്ല.

ഇക്കാര്യങ്ങളിലുള്ള വിശദീകരണം ലഭ്യമാക്കുവാൻ ഓഡിറ്റ് എൻക്വയറി നൽകിയതിന് ഹാജരാക്കിയ മറുപടിയിൽ കോവിഡ് കാലത്തെ പ്രതിസന്ധി ഘട്ടത്തിൽ ക്ഷീരകർഷകർക്ക് ആശ്വാസം നൽകാൻ ഉദ്ദേശിച്ചാണ് പദ്ധതി ഇപ്രകാരം നടപ്പാക്കിയതെന്നും ഗുണഭോക്താക്കൾക്ക് സബ്സിഡി കൃത്യമായി ലഭിച്ചു എന്നുറപ്പുവരുത്തുവാൻ സാധിച്ചതിനാൽ സാമ്പത്തിക നഷ്ടം ഉണ്ടായിട്ടില്ലെയും നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്.

സർക്കാരിൽ നിന്നും പ്രത്യേകം അനുവാദം വാങ്ങാതെ വികസനഫണ്ടിൽ നിന്നും വകയിരുത്തിയ തുക ലാപ്സാകാതിരിക്കുവാൻ പിൻവലിച്ച് സൂക്ഷിച്ചതും അടുത്ത സാമ്പത്തിക വർഷം നടക്കേണ്ട ചെലവുകളുടെ തുക മുൻകൂറായി ഏജൻസികൾക്ക് നൽകിയതും സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. ഈ അപാകങ്ങൾ പരിഹരിച്ച് പദ്ധതി നിർവഹണം നടത്തേണ്ടതാണ്.

1-35 ബിറ്റുമിൻ ബാരൽ വില ക്രമ വിരുദ്ധമായി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുന്നു

ഗ്രാമ പഞ്ചായത്തിൽ തൻവർഷം നടപ്പാക്കിയിട്ടുള്ള റോഡ് പ്രവൃത്തികളിൽ നിന്നുള്ള ബിറ്റുമിൻ ബാരൽ വില അസി.എഞ്ചിനിയർ ബില്ലിൽ നിന്നും കുറവ് ചെയ്ത് സെക്രട്ടറിയുടെ പേരിലുള്ള ടി.എസ്.ബി അക്കൗണ്ടിലേയ്ക്കാണ് ക്രെഡിറ്റ് ചെയ്തിട്ടുള്ളത്. ഇത് ക്രമ പ്രകാരമല്ല. ടി ഇനത്തിലുള്ള തുകകൾ ഏതു ഫണ്ടുപയോഗിച്ചാണോ പ്രവൃത്തി ചെയ്തത് ആ ഫണ്ടിലേയ്ക്കും, ജി.എസ്.ടി തുക ബന്ധപ്പെട്ട ഹെഡിലേയ്ക്കും തിരിച്ചടയ്ക്കേണ്ടതാണ്. മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.24/21.3.22)അസി. എഞ്ചിനിയർ ലഭ്യമാക്കിയ മറുപടിയിൽ സാംഖ്യ വെബിൽ ബിറ്റുമിൻ ബാരൽ വില സെക്രട്ടറിയുടെ അക്കൗണ്ടുമായി മാപ്പ് ചെയ്തിട്ടുള്ളതിനാലാണ് ഇത്തരത്തിൽ ക്രെഡിറ്റ്

ആയിട്ടുള്ളതെന്ന് അറിയിച്ചിട്ടുണ്ട്. അപാകത പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് ടി ഇനത്തിൽ നൽകിയ തുക കണക്കാക്കി ബന്ധപ്പെട്ട ഫണ്ടിൽ ഒടുക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

1-36 ഇ-ടെണ്ടർ ഫീസ് - തുക പഞ്ചായത്ത് ഫണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്തിട്ടില്ല

ഇ ടെണ്ടർ മുഖേനയുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫീസ് തുക ക്രെഡിറ്റ് ചെയ്യുന്നതിനായി ഗ്രാമ പഞ്ചായത്ത് അസി.എഞ്ചിനിയറുടെ പേരിൽ എസ്.ബി.ഐ മുളന്തുരുത്തി ശാഖയിൽ 5.11.2019 മുതൽ കറന്റ് അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട് (നം. 38898339335). എന്നാൽ പ്രസ്തുത അക്കൗണ്ടിൽ നാളിതുവരെ ഇ ടെണ്ടർ ഫീ ഇനത്തിലുള്ള തുകകളൊന്നും ക്രെഡിറ്റ് ചെയ്തിട്ടില്ല.

നാളിതുവരെ ഈ ടെണ്ടർ ഫീ ഇനത്തിലുള്ള തുക എറണാകുളം എൽ.എസ്.ജി.ഡി എക്സി.എഞ്ചിനിയറുടെ പേരിലുള്ള അക്കൗണ്ടിലാണോ ക്രെഡിറ്റ് ചെയ്തിട്ടുള്ളത്. ആണെങ്കിൽ ഓരോ വർഷവും എത്ര തുക ക്രെഡിറ്റ് ചെയ്തു, എത്ര തുക തിരികെ ലഭ്യമാക്കി എന്നുള്ള വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. പ്രതി മാസ/വർഷ കളക്ഷൻ റിപ്പോർട്ടുകൾ പരിശോധിച്ച് ടി ഇനത്തിൽ ആകെ ഒടുക്കിയ തുകയുടേയും, തിരികെ ലഭ്യമായ തുകയുടേയും വർഷം തിരിച്ചുള്ള വിവരം ഓഡിറ്റിൽ അറിയിക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.11/18.3.22) നിർവ്വഹണ ഉദ്യോഗസ്ഥയായ അസി.എഞ്ചിനിയർ മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത തുക തിരികെ ഈടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-37 നിശ്ചിത സമയത്തിനുള്ളിൽ പ്രവർത്തി പൂർത്തീകരിക്കാതിരുന്ന കരാറുകാരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കിയില്ല

2012 ലെ പി.ഡബ്ല്യു.ഡി. മാന്വൽ സെക്ഷൻ 2112-1പ്രകാരം കരാർ പ്രവൃത്തി നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിക്കാത്തപക്ഷം നിർദ്ദിഷ്ട പൂർത്തീകരണ കാലാവധിക്കുമുൻപ് തന്നെ കരാറുകാരൻ രേഖാമൂലം കാലദൈർഘ്യത്തിനുള്ള അപേക്ഷ സമർപ്പിക്കേണ്ടതും അപേക്ഷ പരിശോധിച്ച് തക്കതായ കാരണമുള്ളപക്ഷം സമയം ദീർഘിപ്പിക്കാവുന്നതുമാകുന്നു. ഇത് ഒറ്റത്തവണ ഒറിജിനൽ സമയത്തിന്റെ 25%അധികരിക്കാൻ പാടില്ല. ഇപ്രകാരം കാലാവധിയുടെ 50%വരെ പരമാവധി സമയം ദീർഘിപ്പിച്ച് നൽകാവുന്നതാണ്. ഇത് ആദ്യ തവണ പി.എ.സി യുടെ 1% നിരക്കിലും (കുറഞ്ഞത് 1,000/-രൂപ പരമാവധി 50,000/-രൂപ ) രണ്ടാം തവണ പി.എ.സി യുടെ 2% നിരക്കിലും (കുറഞ്ഞത് 2,000/-രൂപ പരമാവധി 100,000/-രൂപ) പിഴ ഈടാക്കി സപ്ലിമെന്ററി എഗ്രിമെന്റ് ചമക്കേണ്ടതാണ്. അതുപോലെ സെക്ഷൻ 2116.1 അനുസരിച്ച് യഥാർത്ഥ /ദീർഘിപ്പിച്ച പൂർത്തീകരണ കാലാവധി കഴിഞ്ഞാണ് പ്രവൃത്തി പൂർത്തീകരിക്കുന്നതെങ്കിൽ അധികകാലത്തിന് പ്രതിവാരം PAC യുടെ 0.1%നിരക്കിൽ (പരമാവധി 10%) കോമ്പൻസേഷനും ഈടാക്കേണ്ടതാണ്. എന്നാൽ നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതിരുന്ന താഴെ പറയുന്ന പ്രവൃത്തിയുടെ കരാറുകാരനിൽ നിന്നും നിയമാനുസൃത നിരക്കിലുള്ള പിഴ ഈടാക്കാതെയാണ് തുക നൽകിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര്, കരാറുകാരൻ , പി.എ.സി. | കരാർ തീയതി, കാലാവധി, കരാർ പ്രകാരം പൂർത്തീകരിക്കണ്ട തീയതി | പ്രവൃത്തി പൂർത്തീകരിച്ച തീയതി | ഈടാക്കേണ്ടിയിരുന്ന പിഴ | ഈടാക്കിയത് | കുറവ് |
|---|---|---|---|---|---|---|
| 1 | വിവിധ വാർഡുകളിൽ കാനയും, കവർ സ്ലാബ് നിർമ്മാണവും (157/19) പി.തോമസ് ജോയി പി.എ.സി | 12.2.2019 6 മാസം 11.8.2019 | 30.12.19 | 29900 (3%) | 1552 | 28348 |

| | | | | | | |
|---|---|---|---|---|---|---|
| | -996662/-<br>പ്രവൃത്തിമൂല്യം<br>-995218 /-<br>എം.ബുക്ക്<br>-95/19-20<br>ബിൽ നം. -<br>3/21.4.20 –<br>155181/- | | | | | |
| 2 | പഞ്ചായത്ത്<br>ഓഫീസ്<br>കെട്ടിട<br>നിർമ്മാണം<br>പൂർത്തീകരണം<br>(63/19) റെജി<br>മാത്യൂ<br>പി.എ.സി<br>-1494551/-<br>പ്രവൃത്തിമൂല്യം<br>-1302111/-<br>ബിൽ നം. -<br>2/21.4.20 –<br>265893/-<br>22/22.5.20 –<br>32649/- | 26.11.2018<br>8 മാസം<br>25.7.2019 | 10.3.20 | 67255 (4.5%) | -- | 67255 |
| | ആകെ | | | | | 95603 |

കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തിയാക്കുകയോ, പൂർത്തീകരണ കാലയളവ് ദീർഘിപ്പിച്ച് നൽകുന്നതിനായി അപേക്ഷ സമർപ്പിക്കുകയോ സപ്ലിമെന്ററി എഗ്രിമെന്റ് തയ്യാറാക്കുകയോ ചെയ്തിട്ടില്ല. പ്രവൃത്തി പൂർത്തീകരണ കാലതാമസ്സം സംബന്ധിച്ച് ബന്ധപ്പെട്ട അസി.എഞ്ചിനിയർ റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

ക്രമ നം. (1) പ്രകാരമുള്ള പ്രവൃത്തിയിൽ കാനയുടെ നീളത്തിൽ വ്യത്യാസം വന്നതിനാൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിന് 06.03.2019 ലെ 1(3) നമ്പർ തീരുമാന പ്രകാരം അനുമതി നൽകിയിരുന്നു. ഇത് പ്രകാരം റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി 31.03.2019 വരെ സമയം അനുവദിച്ച് 01.04.2019 ൽ പ്രവൃത്തി ആരംഭിച്ചതായി കണക്കാക്കിയാൽ പോലും 30.09.2019 ൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ചത് 30.12.2019 ലാണ്. ഇതിന് പി.ഡബ്ല്യ.ഡി. മാന്വൽ പ്രകാരം പി.എ.സിയുടെ 3% നിരക്കിൽ പിഴ ഈടാക്കേണ്ടതാണ്. എന്നാലതിനു പകരം അവസാന ബിൽ തുകയുടെ 1% നിരക്കിലാണ് അസി.എഞ്ചിനിയർ പിഴ ഈടാക്കിയിട്ടുള്ളത്. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.34/22.03.22) നിർവ്വഹണ ഉദ്യോഗസ്ഥയായ അസി.എഞ്ചിനിയർ മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും പിഴ ഇനത്തിൽ ഈടാക്കേണ്ട 95603/- രൂപ കരാറുകാരിൽ നിന്നും ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതുമാണ്.

## 1-38 പഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണം പൂർത്തീകരണം - പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ

| | |
|---|---|
| പ്രോജക്ട് നമ്പർ | : 63/2019, 132/20 |
| പ്രോജക്ടിന്റെ പേര് | : പഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണം പൂർത്തീകരണം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : അസി.എഞ്ചിനിയർ |
| കരാറുകാരൻ | റെജി മാത്യൂ |
| എഗ്രീഡ് പി.എ.സി | 1494551/- |
| പ്രവൃത്തിമൂല്യം | : 1302111/- |
| ബിൽ നം. | : 2/21.4.20 – 265893/-<br>22/22.5.20 – 32649/- |

1. കരാർ ചമയ്ക്കുന്നതിൽ സമയനിഷ്ഠ പാലിച്ചില്ല

ജി.ഒ(പി)13/2012/പി.ഡബ്ല്യു.ഡി/തീ.1.2.2012 നമ്പർ ഉത്തരവ് പ്രകാരം 2012 ൽ പുതുക്കിയ കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2009 (6) പ്രകാരം നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ (സെലക്ഷൻ നോട്ടീസ് നൽകി 14 ദിവസത്തിനുള്ളിൽ) കരാറിൽ ഏർപ്പെടാത്ത കരാറുകാരിൽ നിന്നും കരാർ തുകയുടെ 1% (മിനിമം - 1000/-, മാക്സിമം -25000/-) പിഴയായി ഈടാക്കേണ്ടതാണ്. എന്നാൽ ഇവിടെ പ്രസ്തുത പ്രവൃത്തിയ്ക്ക് സെലക്ഷൻ നോട്ടീസ് നൽകിയത് 22.10.2018 നാണ്. നിയമപ്രകാരം 05.11.2018 നുള്ളിൽ കരാർ ചമയ്ക്കേണ്ടതായിരുന്നു എങ്കിലും കരാർ ചമച്ചത് 26.11.2018 ലാണ്. പി.ഡബ്ല്യു.ഡി മാന്വൽ പ്രകാരം എഗ്രീഡ് പി.എ.സി യുടെ 1% തുകയായ 14946/-രൂപ പിഴ ഇനത്തിൽ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.

2. നിശ്ചിത മൂല്യത്തിലുള്ള മുദ്രപത്രത്തിൽ കരാർ വെയ്ക്കാത്തത് മൂലം സർക്കാരിന് നഷ്ടം

പി.ഡബ്ല്യൂ.ഡി മാന്വൽ സെക്ഷൻ 2010, കേരള ഫിനാൻസ് ആക്റ്റ് 2018(4) (A) (F) പ്രകാരം പൊതുമരാമത്ത് പ്രവൃത്തികൾക്ക് കരാർ തുകയുടെ 0.1% മൂല്യമുള്ള മുദ്രപ്പത്രത്തിൽ മിനിമം 200 രൂപ പരമാവധി ഒരു ലക്ഷം എന്ന പരിധിക്ക് വിധേയമായി കരാർ ചമയ്ക്കേണ്ടതാണ്. കരാർ തുകയുടെ 0.1% മൂല്യമുള്ള മുദ്രപ്പത്രത്തിൽ കരാർ ചമയ്ക്കേണ്ടതിന് പകരം 200 രൂപയുടെ പത്രത്തിലാണ് കരാർ വെച്ചിട്ടുള്ളത്. തന്മൂലം മുദ്രപ്പത്ര വിലയിനത്തിൽ സർക്കാരിന് 1300/-രൂപയുടെ(1500-200) നഷ്ടം ഉണ്ടായിട്ടുണ്ട്.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.30/22.3.22)അസി. എഞ്ചിനിയർ മറുപടി ലഭ്യമാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ അധിക ചെലവായ 16246/-രൂപ തിരികെ ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 1-39 ദുരിതാശ്വാസ നിധി - പ്രവർത്തനങ്ങൾ കാര്യക്ഷമമല്ല.

2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം പ്രകൃതി ദുരന്തം, രോഗാദി ദുരിതങ്ങൾ എന്നിവ മൂലം പ്രയാസമനുഭവിക്കുന്നവർക്ക് ആവശ്യഘട്ടങ്ങളിൽ കൈത്താങ്ങാകുവാൻ പഞ്ചായത്ത് ദുരിതാശ്വാസനിധി രൂപീകരിക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ എസ്.ബി.ടി ഉദയംപേരൂർ ശാഖയിൽ ദുരിതാശ്വാസ നിധിയ്ക്കായി അക്കൗണ്ട് തുടങ്ങിയിട്ടുണ്ടെങ്കിലും നാളിതുവരെ ആർക്കും തന്നെ ഇതിൽനിന്നും ധനസഹായം അനുവദിച്ചിട്ടില്ല. വർഷാന്ത്യ (31.3.2021)നീക്കിയിരിപ്പായി ഈ അക്കൗണ്ടിൽ 1425/-രൂപ ബാക്കിയുണ്ട്. നിലവിൽ പലിശ ഇനത്തിലുള്ള വരവല്ലാതെ മറ്റ് വരവുകൾ വന്നിട്ടില്ല. ഈ നിധിയുടെ വിനിയോഗം സംബന്ധിച്ച് ഏകോപനം നടത്തുന്നതിനായുള്ള സബ്കമ്മറ്റി പ്രസ്തുത കാലയളവിൽ രൂപീകരിച്ചിട്ടുണ്ടെങ്കിൽ തീരുമാനത്തിന്റെ പകർപ്പ് ലഭ്യമാക്കുവാനും, അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.02/17.03.22) സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല.

ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ധാരാളം ജനങ്ങൾ ഉള്ള പ്രദേശത്ത് ദുരിതാശ്വാസ നിധിയിൽ നിന്നും ആനുകൂല്യങ്ങൾ അനുവദിക്കാത്തത് മാതൃകാപരമായ നടപടിയല്ല. ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ആനുകൂല്യങ്ങൾ സംബന്ധിച്ച് പൊതുജനങ്ങൾക്ക് ആവശ്യമായ അവബോധം നൽകി തുക അനുവദിക്കുകയും നിധിയിലേക്ക് തുക സ്വരൂപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-40 ഡീസൽ ജനറേറ്ററിന്റെ ലോഗ് ബുക്കും ഇൻഡന്റ്/ സ്റ്റോക്ക് രജിസ്റ്ററും ഹാജരാക്കിയില്ല

പഞ്ചായത്ത് ഓഫീസിൽ സ്ഥാപിച്ചിട്ടുള്ള ജനറേറ്ററിന് ഡീസൽ വാങ്ങുന്നതിനായി 2020-21 വർഷം തനത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ചിട്ടുണ്ട്. ജനറേറ്ററിന്റെ ലോഗ് ബുക്ക് പരിശോധനയ്ക്കായി ഹാജരാക്കിയില്ല. ഒരു മണിക്കൂർ സമയം ജനറേറ്റർ പ്രവർത്തിക്കുന്നതിന് എത്ര ലിറ്റർ ഡീസൽ ആവശ്യമുണ്ടെന്നും ജനറേറ്ററിന്റെ ഫുൾ ടാങ്ക് കപ്പാസിറ്റി എത്രയാണെന്നും വ്യക്തമല്ല. ഓരോ തവണയും

ജനറേറ്റർ ഓൺ ചെയ്യുന്ന സമയവും ഓഫ് ചെയ്യുന്ന സമയവും രേഖപ്പെടുത്തി ഉപയോഗിച്ച ഡീസലിന്റെ റീഡിംഗ് രേഖപ്പെടുത്തി ലോഗ് ബുക്ക് സൂക്ഷിക്കേണ്ടതാണ്. സെക്രട്ടറി ലോഗ് ബുക്കിലെ രേഖപ്പെടുത്തലുകൾ സാക്ഷ്യപ്പെടുത്തേണ്ടതാണ്.

ജനറേറ്ററിന്റെ ഡീസൽ Indent Cum Stock Register ഉം പരിശോധനയ്ക്കായി ഹാജരാക്കിയില്ല. ലോഗ് ബുക്ക് പരിശോധിച്ച് ടാങ്കിൽ അവശേഷിക്കുന്ന ഡീസലിന്റെ അളവ് അടിസ്ഥാനമാക്കി ഇൻഡന്റ് നൽകി മാത്രം ഡീസൽ വാങ്ങേണ്ടതാണ്.

## 1-41 മരാമത്ത് പ്രവൃത്തികൾ- പൊതുന്യൂനതകൾ

ഗ്രാമപഞ്ചായത്തിലെ അസി.എഞ്ചിനിയർ നിർവ്വഹണോദ്യോഗസ്ഥനായി 20-21വർഷത്തിൽ ഏറ്റെടുത്ത മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലും രേഖകൾ, രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലും ന്യൂനതകൾ ഉണ്ടായിട്ടുള്ളതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

(1) പ്രവൃത്തികൾ ടെണ്ടർ നൽകുന്നതുമായി ബന്ധപ്പെട്ടുള്ള പ്രിലിമിനറി എഗ്രിമെന്റ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്താതെ ബ്ലാങ്ക് സ്റ്റാമ്പ് പേപ്പർ മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്.

(2) ടെണ്ടർ രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ടെണ്ടർ രജിസ്റ്ററിൽ താഴെ പറയുന്ന വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

(I) ടെണ്ടർ തുറക്കുന്ന അവസരത്തിൽ സന്നിഹിതരായിട്ടുള്ള കരാറുകാരുടെ ഒപ്പ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

(Ii) ഇഎംഡി തുക, രസീത് നമ്പർ, തീയതി എന്നിവ രേഖപ്പെടുത്തുന്നില്ല.

(Iii) ടെണ്ടർ അംഗീകരിച്ച കമ്മിറ്റി തീരുമാന വിവരം രേഖപ്പെടുത്തുന്നില്ല.

(3) കരാറുകാരനും നിർവ്വഹണോദ്യോഗസ്ഥനുമായി ചമയ്ക്കുന്ന കരാറുകളിൽ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി രേഖപ്പെടുത്തുന്നില്ല. പൂർത്തീകരണ കാലാവധി രേഖപ്പെടുത്താത്തതിനാൽ പദ്ധതികളുടെ പൂർത്തീകരണത്തിൽ കാലതാമസം ഉണ്ടാകുന്ന പക്ഷം ആവശ്യമായ നിയമനടപടികൾ സ്വീകരിക്കുവാൻ സാധ്യമല്ലാതാകുന്നു.

(4) നിശ്ചിത മാതൃകയിലുള്ള (ടി.ആർ.7എ) ക്യാഷ് ബുക്ക് രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

(5) കരാറുകാരനുമായി ചമച്ചിട്ടുള്ള കരാറുകളിലെ പൂർത്തീകരണ കാലാവധിയും പിഴയുമായി ബന്ധപ്പെട്ട ഭാഗം കാലഹരണപ്പെട്ടതാണെന്ന് കാണുന്നു. പുതുക്കിയ പി.ഡബ്ല്യു.ഡി മാന്വൽ പ്രകാരമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി കരാറുകൾ തയ്യാറാക്കേണ്ടതാണ്.

(6) ഭൂരിഭാഗം ഫയലുകളിലും സെലക്ഷൻ നോട്ടീസിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല.

പ്രസ്തുത ന്യൂനതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.31/22.03.22)നിർവ്വഹണ ഉദ്യോഗസ്ഥയായ അസി.എഞ്ചിനിയർ ലഭ്യമാക്കിയ മറുപടിയിൽ അപാകതകൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-42 എൽ.എസ്.ജി.ഡി എഞ്ചിനിയറിംഗ് ഓഫീസ് വാഹന വാടക - നിർവ്വഹണത്തിലെ അപാകങ്ങൾ

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | : | 75/21 |
| പ്രോജക്ടിന്റെ പേര് | : | എൽ.എസ്.ജി.ഡി എഞ്ചിനിയറിംഗ് ഓഫീസ് വാഹന വാടക |

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | അസി.എഞ്ചിനിയർ |
| ചെലവ് വിവരം | : | 243000/- (തനത്) |
| ചെക്ക് നം. | : | 5129216/ 22.7.20 – 27000/-<br>1461365/13.8.20 - 27000/-<br>1461379/ 9.9.20 -27000/-<br>1231210/9.10.20 – 27000/-<br>1231218/10.11.20 - 27000/-<br>5129426/18.12.20 – 27000/-<br>5129431/7.01.21 – 27000/-<br>5129438/5.02.21 - 27000/-<br>5129466/16.3.21 - 27000/- |

ഗ്രാമപഞ്ചായത്തിലെ അസി. എഞ്ചിനിയർക്ക് വാഹനം വാടകയ്ക്ക് എടുക്കുന്നതിനായുള്ള പദ്ധതിയ്ക്കായി ലഭിച്ച ക്വട്ടേഷനുകളിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ശ്രീ.ജയേഷ്.പി.പി എന്നയാളുടെ ക്വട്ടേഷൻ (കാർ പ്രതിമാസം 1500 കി.മീ. സഞ്ചരിക്കുന്നതിന് 27,000/- രൂപ) അംഗീകരിക്കുകയും ടി യാനുമായി 01.06.2020 ൽ കരാറിൽ ഏർപ്പെടുകയും, ഓഡിറ്റ് വർഷം ടി ഇനത്തിൽ 2,43,000/-രൂപ ടിയാൾക്ക് നൽകുകയും ചെയ്തിട്ടുണ്ട്.

ടെണ്ടർ നിബന്ധന പ്രകാരം ഒരു മാസം 1500 കി.മീ സഞ്ചരിക്കുന്നതിനുള്ള നിരക്കാണ് ക്വട്ടേഷനിൽ രേഖപ്പെടുത്താൻ ആവശ്യപ്പെട്ടിരുന്നത്. ഇതനുസരിച്ച് ലഭിച്ച കുറഞ്ഞ നിരക്കായ 27,000/-രൂപയുടെ ക്വട്ടേഷൻ അംഗീകരിച്ചാണ് ശ്രീ.ജയേഷിന് കരാർ അംഗീകരിച്ച് നൽകിയിട്ടുള്ളത്.

ഹാജരാക്കിയിട്ടുള്ള ലോഗ് ബുക്ക് പ്രകാരം വാഹനം ഓടിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം, | മാസം | സഞ്ചരിച്ച ദൂരം (കി.മീ) |
|---|---|---|
| 1 | 6/2020 | 700 |
| 2 | 7/2020 | 571 |
| 3 | 8/2020 | 817 |
| 4 | 9/2020 | 543 |
| 5 | 10/2020 | 502 |

ഇന്ധനച്ചെലവ് (ഒരു മാസം 1500 കി.മീ സഞ്ചരിക്കുന്നതിന്), വാഹനത്തിന്റെ അറ്റകുറ്റപ്പണികൾ, ഡ്രൈവറുടെ ശമ്പളം, ബാറ്റ തുടങ്ങിയ എല്ലാ ചെലവുകളും ഉൾപ്പെടെയുള്ള തുകയാണ് ടെണ്ടറിൽ ക്വാട്ട് ചെയ്തിട്ടുള്ളത്. എന്നാൽ ഇവിടെ ഭൂരിഭാഗം മാസങ്ങളിലും ടെണ്ടറിൽ ക്വാട്ട് ചെയ്ത ദൂരത്തിന്റെ പകുതിപോലും വാഹനം ഓടിയിട്ടില്ലാത്തതായി കാണുന്നു (5 മാസത്തെ ശരാശരി 626 കി.മീ). ടെണ്ടർ അംഗീകരിച്ചതിനാൽ വാഹനം ഓടിയാലും ഇല്ലെങ്കിലും ടി തുക നൽകേണ്ടതാണ്. യഥാർത്ഥത്തിൽ ആവശ്യമല്ലാത്ത ദൂരം കണക്കാക്കി ടെണ്ടർ ക്ഷണിച്ചതു മൂലമാണ് ഇത്തരത്തിൽ അധിക നിരക്ക് നൽകുവാനിടയായത്.

2019-20 സാമ്പത്തിക വർഷത്തിൽ പ്രസ്തുത പദ്ധതിയ്ക്കായി (പ്രൊ.നം.109/20) ശ്രീ.ജയേഷിന്റെ തന്നെ പ്രതിമാസം 24800/-നിരക്കിലുള്ള ക്വട്ടേഷനാണ് അംഗീകരിച്ചിരുന്നത്. ടി പദ്ധതി പ്രകാരം രണ്ട് മാസത്തെ തുകയായ 49600/-രൂപ സ്പിൽ ഓവറായി തൻവർഷം നൽകിയിട്ടുണ്ട്(ചെക്ക് നം. 5041988/22.04.20, 5041991/05.05.20). എന്നാൽ ടിയാനിൽ നിന്നും നിയമപ്രകാരം ആദായ നികുതി ഇനത്തിൽ ഈടാക്കേണ്ട 1% തുകയായ 496/-രൂപ ഈടാക്കിയിട്ടില്ല. ടി തുക ഉത്തരവാദപ്പെട്ടവരിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.12/18.3.22) അസി.എഞ്ചിനിയർ മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-43 പഞ്ചായത്ത് ഓഫീസിൽ എയർകണ്ടീഷണർ സ്ഥാപിച്ചത്-അപാകതകൾ

| | |
|---|---|
| പ്രൊജക്ട് നമ്പർ | 165/21 (സ്പിൽ ഓവർ) |
| പ്രൊജക്ടിന്റെ പേര് | പഞ്ചായത്ത് ഓഫീസ് വൈദ്യുതീകരണം മൂന്നാം |

| | |
|---|---|
| | ഘട്ടം |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 4,00,000/- (വികസന ഫണ്ട് -ജനറൽ)<br>90,000/- ( ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | 4,00,000/- ബിൽ നമ്പർ-16/20-21/17.11.20<br>(വികസന ഫണ്ട് -ജനറൽ)<br>26,552/- ബിൽ നമ്പർ-17/20-21/18.11.20<br>(ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |

പ്രൊജക്ട് പ്രകാരം പഞ്ചായത്ത് ഓഫീസിൽ 4 എണ്ണം വീതം 1.5 Tonne Split 5 Starഎയർകണ്ടീഷണറും 1 Tonne Split 5 Starഎയർകണ്ടീഷണറും 4KVA,3KVA സ്റ്റെബിലൈസറുകൾ ഉൾപ്പെടെയുള്ള അനുബന്ധ സാമഗ്രികളും വാങ്ങുന്നതിനായി 4,90,000/- രൂപ എസ്റ്റിമേറ്റ് കണക്കാക്കി ടെൻഡർ ക്ഷണിച്ചു. ജില്ലാ പഞ്ചായത്ത് ഇലക്ട്രിക്കൽ പാനൽ എൻജിനീയറാണ് എസ്ററിമേറ്റ് തയ്യാറാക്കിയത്. 1.5 Tonne Split 5 Star എയർകണ്ടീഷണറിന് 58,100/- രൂപയും 1 Tonne Split 5 Star എയർകണ്ടീഷണറിന് 46,000/- രൂപയുമാണ് എസ്റ്റിമേറ്റ് നിർണയിച്ചത്. എയർകണ്ടീഷണറുകളുടെ നിരക്ക് നിശ്ചയിച്ചത് എന്തടിസ്ഥാനത്തിലാണെന്ന് വ്യക്തമല്ല. അംഗീകൃത ഡീലർമാരിൽ നിന്ന് ആവശ്യമുള്ള സ്പെസിഫിക്കേഷനിലുള്ള എയർകണ്ടീഷണറുകളുടെ സപ്ലൈ, ഇൻസ്റ്റലേഷൻ എന്നിവയ്ക്ക് ടെൻഡർ ക്ഷണിച്ച് പ്രൊജക്ട് നടപ്പിലാക്കുന്നതിന് പകരം ജില്ലാ പഞ്ചായത്ത് ഇലക്ട്രിക്കൽ പാനൽ എൻജിനീയറിൽ നിന്നും എസ്റ്റിമേറ്റ് തയ്യാറാക്കി ടെൻഡർ ക്ഷണിച്ചത് മൂലം എയർകണ്ടീഷണറുകൾക്ക് കൂടുതൽ വില നൽകേണ്ടി വരികയും പ്രൊജക്ടിന്റെ ചെലവ് വളരെയധികം ഉയരുകയും ചെയ്തു.

എയർകണ്ടീഷണർ സ്ഥാപിക്കുന്നതിന് നിലവിൽ കെട്ടിടത്തിൽ Provision ഒന്നും ഇല്ലെങ്കിൽ ആവശ്യമായ ഇലക്ട്രിക്കൽ സജ്ജീകരണങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള എസ്റ്റിമേറ്റ് മാത്രമേ ഇലക്ട്രിക്കൽ എൻജിനീയർക്ക് തയ്യാറാക്കാൻ സാധിക്കൂ. ഇവിടെ ഇലക്ട്രിക്കൽ സജ്ജീകരണം ഏർപ്പെടുത്തേണ്ട ആവശ്യം ഉണ്ടായിട്ടില്ല.അംഗീകരിച്ച എസ്റ്റിമേറ്റ് തുകയായ 4,66,836/- രൂപയുടെ 3% എസ്റ്റിമേറ്റ് തയ്യാറാക്കൽ, സൂപ്പർവിഷൻ എന്നീ കാര്യങ്ങൾക്കും (14005/-രൂപ) 1% തുക ചെക്ക് മെഷർമെന്റിനും (4668/-രൂപ) പാനൽ എൻജിനീയർമാർക്ക് നൽകി.എയർ കണ്ടീഷണറുകൾ, സ്റ്റെബിലൈസറുകൾ എന്നിവ ഉൾപ്പെട്ട ഭീമമായ തുക ആണ് ഇവിടെ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത്. അംഗീകൃത ഡീലർമാരിൽ നിന്നും ടെണ്ടർ ക്ഷണിച്ച് എയർകണ്ടീഷണറുകൾ വാങ്ങിയിരുന്നെങ്കിൽ ഡീലർ തന്നെ സൗജന്യമായി ഇൻസ്റ്റാൾ ചെയ്ത് നൽകുമായിരുന്നു. എയർ കണ്ടീഷണറുകളുടെ ഉയർന്ന വില മൂലവും പാനൽ എൻജിനീയർമാർക്ക് പ്രതിഫലം നൽകിയതു മൂലവും ഉണ്ടായ അധികച്ചെലവും ഒഴിവാക്കാമായിരുന്നു.

എസ്റ്റിമേറ്റ് തയ്യാറാക്കിയത് വൈദ്യുതി ഉപഭോഗം കുറഞ്ഞ 5 Star AC ക്ക് ആയിരുന്നെങ്കിലും ടെണ്ടർ ലഭിച്ച അഖിൽ സജീവൻ, സാസ് ഇലക്ട്രിക്കൽസ്, കാക്കനാട് എന്ന വ്യക്തി 5 Star ന പകരം വൈദ്യുതി ഉപഭോഗം കൂടിയ 3 Star എയർകണ്ടീഷണറുകളാണ് സപ്ലൈ ചെയ്തത്. ടിയാന് പഞ്ചായത്ത് ആവശ്യപ്പെട്ട 5 STAR എയർ കണ്ടീഷണറുകൾ സപ്ലൈ ചെയ്യാൻ സാധിക്കില്ലെങ്കിൽ ടെണ്ടർ റദ്ദ് ചെയ്ത് റീടെൻഡർ ചെയ്യണമായിരുന്നു. എന്നാൽ റീടെൻഡർ ചെയ്യാതെ ടെണ്ടർ ലഭിച്ച വ്യക്തിയുടെ സൗകര്യാർത്ഥം 3 Star എയർകണ്ടീഷണർ വാങ്ങിയ പഞ്ചായത്തിന്റെ നടപടി ശരിയല്ല. പകരം 1.5 Tonne എയർകണ്ടീഷണറിന്റെ വില ഒരെണ്ണത്തിന് 8000/-രൂപയും 1 Tonne എയർകണ്ടീഷണറിന്റെ യുടെ വില ഒരെണ്ണത്തിന് 5000/-രൂപയും കുറവ് ചെയ്ത് മെഷർമെന്റ് ബുക്കിൽ പാനൽ എൻജിനീയർ രേഖപ്പെടുത്തുകയാണ് ചെയ്തത്. 3 STAR എയർ കണ്ടീഷണർ സപ്ലൈക്ക് പഞ്ചായത്ത് കമ്മറ്റി അംഗീകാരം നൽകിയിട്ടില്ല. പാനൽ എൻജിനിയർ 5 STAR, 3 STAR എയർകണ്ടീഷണറുകളുടെ വില വ്യത്യാസം 8000, 5000/- എന്നിങ്ങനെ നിശ്ചയിച്ചതിന് യാതൊരു ആധികാരികതയുമില്ല. സ്ഥാപിച്ച എയർ കണ്ടീഷണറുകളുടെ ബ്രാന്റ് ഏതെന്ന് വ്യക്തമല്ല. പർച്ചേസിന്റെ ജി.എസ്.ടി ഇൻവോയ്സ് കരാറുകാരനിൽ നിന്നും ലഭിച്ചിട്ടില്ല. OEM വാറന്റി എയർ കണ്ടീഷണറുകൾക്കും സ്റ്റെബിലൈസറുകൾക്കും ലഭിക്കേണ്ടതാണെങ്കിലും വാറന്റി സംബന്ധിച്ച രേഖകൾ ഒന്നും ഫയലിൽ ഇല്ല. ജി.എസ്.ടി ഇൻവോയ്സ് ഇല്ലാത്തതിനാൽ പുതിയ എയർകണ്ടീഷണർ തന്നെയാണോ വിതരണക്കാരൻ

സ്ഥാപിച്ചതെന്ന് ഉറപ്പാക്കാൻ സാധിക്കില്ല. ലഭിച്ച എയർ കണ്ടീഷണറുകളും സ്റ്റെബിലൈസറുകളും സ്റ്റോക്കിലെടുക്കുകയോ ബില്ലിൽ സ്റ്റോക്ക് എൻട്രി വരുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.

പഞ്ചായത്ത് ഓഫീസ് വൈദ്യുതീകരണം എന്ന പേരിലാണ് പ്രൊജക്ടിന് വെറ്റിംഗ് ഓഫീസറുടെ അംഗീകാരവും ഡി.പി.സി. അംഗീകാരവും വാങ്ങിയത്. എന്നാൽ ചെയ്ത പ്രവൃത്തി എയർകണ്ടീഷണർ സ്ഥാപിക്കലുമാണ്. പഞ്ചായത്ത് ഓഫീസ് വൈദ്യുതീകരണം എന്ന പേര് എയർകണ്ടീഷണറുകൾ സ്ഥാപിക്കുന്നതിനുള്ള പ്രൊജക്ടിനു നൽകി ആയത് ഇലക്ട്രിക്കൽ പ്രവൃത്തിയായി മാറ്റി ജില്ലാ പഞ്ചായത്ത് ഇലക്ട്രിക്കൽ പാനൽ എൻജിനീയറിൽ നിന്നും എയർകണ്ടീഷണറിനും സ്റ്റെബിലൈസറിനും എസ്റ്റിമേറ്റ് തയ്യാറാക്കി വാങ്ങി പ്രവൃത്തി നടപ്പിലാക്കി. വിലയുടെ നിശ്ചിത ശതമാനം മെഷർമെന്റ്, ചെക്ക് മെഷർമെന്റ് എന്നിവയ്ക്ക് നൽകിയതിലൂടെ പദ്ധതിപ്പണം ദുർവിനിയോഗം നടത്തിയതായി ഓഡിറ്റ് വിലയിരുത്തുന്നു. കൂടാതെ പഞ്ചായത്ത് ആവശ്യപ്പെട്ട വൈദ്യുതി ഉപഭോഗം കുറഞ്ഞ സ്പെസിഫിക്കേഷനിൽ ഉള്ള എയർ കണ്ടീഷണർ ലഭിച്ചതുമില്ല. പദ്ധതിപ്പണം ക്രമവിരുദ്ധമായി ചെലവഴിച്ചതിൽ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. മേൽ വിഷയം സംബന്ധിച്ച് നൽകിയ 36/22.03.2022 നമ്പർ ഓഡിററ് എൻക്വയറിക്ക് മറുപടി ലഭിച്ചില്ല. എയർകണ്ടീഷണറുകളുടെ വാങ്ങൽ സംബന്ധിച്ച് മേൽ സൂചിപ്പിച്ച അപാകങ്ങൾ സംഭവിച്ചതിനാൽ 4,26,552/-രൂപ ഓഡിറ്റിൽ തടസപ്പെടുത്തുന്നു. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-44 സ്യൂട്ട് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല

ഗ്രാമപഞ്ചായത്ത് കക്ഷിയായ വിവിധ കേസുകളുടെ വിവരം കാണിക്കുന്ന സ്യൂട്ട് രജിസ്റ്ററിൽ കൃത്യമായി വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. കേസ് ഫയൽ ചെയ്ത ദിവസം,കേസ് നമ്പർ,ഫയൽ ചെയ്ത കോടതി,കേസ് ഏൽപ്പിച്ച അഡ്വക്കറ്റിന്റെ പേര്,നൽകിയ അഡ്വക്കറ്റ് ഫീസിന്റെ വിവരങ്ങൾ എന്നിവ ഭൂരിഭാഗം കേസുകളുടെ കാര്യത്തിലും രേഖപ്പെടുത്തിയിട്ടില്ല. തീർപ്പാക്കിയ കേസുകൾ ടി വിവരം ചേർത്ത് സ്യൂട്ട് രജിസ്റ്ററിൽ ക്ലോസ് ചെയ്ത് രേഖപ്പെടുത്തിയിട്ടില്ല. സ്യൂട്ട് രജിസ്റ്റർ അപൂർണ്ണമായതിനാൽ നിലവിൽ പഞ്ചായത്ത് കക്ഷിയായ എത്ര കേസുകൾ ഏതെല്ലാം കോടതികളിൽ നിലവിലുണ്ടെന്നും ഓരോ കേസിന്റെയും തൽസ്ഥിതി എന്താണെന്നും അറിയാൻ സാധിക്കുന്നില്ല. അഡ്വക്കറ്റ് ഫീസ് നൽകിയ വിവരങ്ങൾ കൃത്യമായി ചേർത്തില്ലെങ്കിൽ വർഷങ്ങളായി നിലനിൽക്കുന്ന കേസുകളിൽ അഡ്വക്കറ്റിന് ഭാഗികമായി ഫീസ് നൽകിയിട്ടുണ്ടെങ്കിൽ ആയത് അറിയാൻ സാധിക്കുകയില്ല. മേൽ പരാമർശിച്ചിരിക്കുന്ന വിവരങ്ങൾ ചേർത്ത് സ്യൂട്ട് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്. കേസുകളുടെ Certified Copy Of Judgments അഡ്വക്കേറ്റ് ഹാജരാക്കുന്നത് കൃത്യമായി ഫയൽ ചെയ്ത് സൂക്ഷിക്കേണ്ടതാണ്.

## 1-45 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ ഗ്രാമപഞ്ചായത്തിന്റെ പങ്ക്

ഉദയംപേരൂർ ഗ്രാമപഞ്ചായത്തിൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി മോണിറ്ററിംഗ് കമ്മറ്റി,ഹെൽപ്പ് ഡെസ്ക് എന്നിവ രൂപീകരിച്ചിരുന്നു. കോവിഡ് ജാഗ്രത പോർട്ടലിൽ പഞ്ചായത്തിലെ 309 സന്നദ്ധ പ്രവർത്തകർ രജിസ്റ്റർ ചെയ്തു. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ ഇവരുടെ സേവനം പഞ്ചായത്ത് പ്രയോജനപ്പെടുത്തിയിട്ടുണ്ട്. ഫസ്റ്റ് ബെൽ പഠന കേന്ദ്രങ്ങൾ പഞ്ചായത്ത് ആരംഭിച്ചിരുന്നില്ല. സർക്കാർ നിർദേശ പ്രകാരം, പഞ്ചായത്തിലെ 3-ാം വാർഡിലെ ജീസസ് ജനറേഷൻ ഓഡിറ്റോറിയത്തിൽ സി.എഫ്.എൽ.ടി.സി. സജ്ജീകരിച്ചിരുന്നുവെങ്കിലും ആയതിൽ രോഗികളെ പ്രവേശിപ്പിച്ചിരുന്നില്ലെന്നും പിന്നീട് ഉദയംപേരൂർ പി.എച്ച്.സി.യിലെ പുതിയ ബിൽഡിംഗിൽ ഡി.സി.സി. ആരംഭിച്ച് രോഗികൾക്ക് ചികിത്സ നൽകിയിരുന്നുവെന്നും സെക്രട്ടറി അറിയിച്ചു. ഉദയംപേരൂർ ഗ്രാമപഞ്ചായത്ത് വക കമ്മ്യൂണിറ്റി കിച്ചൺ വിജയലക്ഷ്മി കാറ്ററിംഗ് എന്ന സ്ഥാപനത്തിൽ പ്രവർത്തിച്ചിരുന്നു. കമ്മ്യൂണിറ്റി കിച്ചണിലെ ജോലിക്കാർക്ക് തനത് ഫണ്ടിൽ നിന്നും വേതനം നൽകിയിട്ടുണ്ട്. കമ്മ്യൂണിറ്റി കിച്ചണു ലഭിച്ച സംഭാവനകൾ ഫ്രണ്ട് ഓഫീസിൽ സ്വീകരിച്ച് ഉദയംപേരൂർ സർവ്വീസ് സഹകരണ ബാങ്കിൽ അക്കൗണ്ട് ആരംഭിച്ച് ആയതിൽ നിക്ഷേപിച്ചതായി

സെക്രട്ടറി അറിയിച്ചു. ബാങ്ക് പാസ് ബുക്ക് പരിശോധിച്ചതിൽ ടി അക്കൗണ്ട് 2021-22വർഷം ആരംഭിച്ചതാണ്. ആവശ്യമായ പൾസ് ഓക്സിമീറ്ററുകൾ പഞ്ചായത്ത് ഫണ്ട് ചെലവഴിച്ച് വാങ്ങിയിട്ടുണ്ട്. പഞ്ചായത്തിൽ നാളിതു വരെ 4984 ആളുകൾക്ക് കോവിഡ് ബാധിക്കുകയും 63 പേർ മരണപ്പെടുകയും ചെയ്തിട്ടുണ്ട്.

## 1-46 പ്രൊക്യൂർമെന്റ് കമ്മിറ്റി മിനിട്ട്സ് - രജിസ്റ്ററിലെ അപാകങ്ങൾ

പ്രൊക്യൂർമെന്റ് കമ്മിറ്റി മിനിട്ട്സ് ബുക്ക് പേജ് 107 ൽ 12.5.20 ൽ കൂടിയ യോഗ വിവരം രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മീറ്റിംഗ് അവസാനിച്ചതായി രേഖപ്പെടുത്തി അദ്ധ്യക്ഷൻ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല. പേജ് 112 ൽ യോഗം തുടങ്ങുന്നതായി രേഖപ്പെടുത്തി ഹാജർ വിവരം രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മിനിട്ട്സ് രേഖപ്പെടുത്തിയിട്ടില്ല. (പേജ് 113 ശൂന്യമായി വിട്ടിരിക്കുന്നു). 06.11.20 ൽ യോഗം ചേർന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മിനിട്ട്സ് രേഖപ്പെടുത്തിയിട്ടില്ല. (പേജ് 119,122 ശൂന്യമായി വിട്ടിരിക്കുന്നു). 20.01.21,16.02.21 തീയതികളിലെ മീറ്റിംഗ് അവസാനിച്ചതായി രേഖപ്പെടുത്തി ക്ലോസ് ചെയ്തിട്ടില്ല. പേജ് 127 ൽ ഹാജർ വിവരമുണ്ട്. മിനിട്ട്സ് രേഖപ്പെടുത്താതെ 127,128 പേജുകൾ ശൂന്യമാക്കി വിട്ടിരിക്കുന്നു.

രജിസ്റ്റർ സൂക്ഷിക്കുന്നതിലെ അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.4/17.03.22) നൽകിയതിന്റെ അടിസ്ഥാനത്തിൽ രജിസ്റ്ററിലെ അപാകങ്ങൾ പരിഹരിച്ചിട്ടുണ്ട്. മിനിട്ട്സ് ബുക്ക് രേഖപ്പെടുത്തലുകളിൽ അപാകങ്ങൾ ഉണ്ടാകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-47 നിക്ഷേപപ്രവൃത്തി- വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ട്രഷറി ബിൽ നമ്പർ /തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ ബി | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ (പ്രോജക്ട് നമ്പർ- 117/21, 18/21 ) | Bill No. 02/2020-21, 03/2020-21 & 04/2020-21 Dt. 08/05/20 &15/05/20 | 14,30,242 | | 14,30,242 |
| | | Bill No.25/ 2020-21, 22/03/21 | 74,674.00 | | 74,674.00 |
| കേരള വാട്ടർ അതോറിറ്റി | വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ (പ്രോജക്ട് നം.19/21) | Bill No.29 /2020-21, Dt.30/03/21 | 31,98,000 | | 31,98,000 |
| ,, | വെറ്ററിനറി സബ് സെന്ററിന് വാട്ടർ കണക്ഷൻ എടുക്കൽ(പ്രോജക്ട് നം.102/21) | Bill No.28/ 2020-21, Dt.30/03/21 | 14,000 | | 14,000 |
| | ആകെ | | 47,16,916 | 0 | 47,16,916 |

മേൽ പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യ പത്രം/ഫൈനൽ ബിൽ എന്നിവ ലഭ്യമാക്കാത്തതിനാൽ 47,16,916/- രൂപ തടസപ്പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 PVC വാട്ടർ ടാങ്ക് വിതരണം- ഫണ്ട് വിനിയോഗത്തിലും ടാങ്ക് വിതരണത്തിലും അപാകത

| | |
|---|---|
| പ്രൊജക്ട് നം.,പേര് | എസ് 0083/21, PVC വാട്ടർ ടാങ്ക് വിതരണം |
| അടങ്കൽ | 3,00,000 /- (വികസനഫണ്ട് - SCP) |
| ചെലവ് | 1,10,309/ –ബിൽ നം. 2 / 20-21, 31.03.21 |
| നിർവഹണഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് 500 ലിറ്റർ സംഭരണശേഷിയുള്ള PVC വാട്ടർ ടാങ്ക് നല്കുന്നതിന് നടപ്പാക്കിയതാണ് ഈ പ്രൊജക്ട്. ഇത് പ്രകാരം ഒക്കലിൽ സ്ഥിതി ചെയ്യുന്ന ബിസ്മി പ്ലാസ്റ്റിക് കമ്പനി എന്ന സ്ഥാപനത്തിൽ നിന്നും 47 വാട്ടർ ടാങ്കുകൾ വാങ്ങിയിട്ടുണ്ട് (ഇൻവോയ്സ് നം.33,25.03.21-39,899/-, ഇൻവോയ്സ് നം.34, 26.03.21 – 39899/-& ഇൻവോയ്സ് നം.35,27.03.21-30511/-, ഒരു ടാങ്കിന് 2347/- രൂപ). സർക്കാർ 14.02.18 ൽ പുറപ്പെടുവിച്ച തദ്ദേശസ്ഥാപനങ്ങളുടെ സബ്സിഡി-ധനസഹായങ്ങൾക്കുള്ള മാർഗരേഖയായ ജി.ഒ(എംഎസ്)22/18, ത.സ്വ.ഭ.വ ഉത്തരവിലെ 6.6.5 പ്രകാരം പട്ടികജാതി/പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവർക്ക് വാട്ടർ ടാങ്ക് നല്കുന്നതിന് 75% സബ്ഡിഡി മാത്രമേ (1760/-രൂപ) അനുവദിക്കാവൂ. വാട്ടർ ടാങ്കിന്റെ 25% തുക (587/-രൂപ) ഗുണഭോക്തൃവിഹിതമിനത്തിലാണ് ഈടാക്കേണ്ടത്. എന്നാൽ 100% സബ്സിഡി അനുവദിച്ചാണ് വാട്ടർ ടാങ്ക് വിതരണം പഞ്ചായത്തിൽ നടപ്പാക്കിയത്. ഈ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ എൻക്വയറിക്ക് (നം.7,18.03.22) മറുപടി ലഭ്യമാക്കിയില്ല. ഗുണഭോക്തൃവിഹിതത്തിന്റെ ലെഡ്ജർ പരിശോധിച്ചതിൽ 46 പേരിൽ നിന്നും ഗുണഭോക്തൃവിഹിതം പിരിച്ചിട്ടുള്ളതായി വ്യക്തമായി. 5 പേരിൽ നിന്നും 2020-21ലും 41 പേരിൽ നിന്നും 2021-22 ലുമാണ് ഗുണഭോക്തൃവിഹിതം പിരിച്ചത്. എന്നാൽ തനത് ഫണ്ടിൽ ഒടുക്കിയിട്ടുള്ള ഈ തുക ചെലവഴിച്ചിട്ടില്ല. 46 ഗുണഭോക്താക്കളിൽ നിന്നായി ഈടാക്കിയ 26995/-രൂപ (45 പേരിൽ നിന്നും 587/-രൂപയും ഒരു ഗുണഭോക്താവിൽ നിന്നും 580/-രൂപയാണ് ഈടാക്കിയത്) സർക്കാരിലേക്ക് തിരിച്ചടയ്ക്കേണ്ടതാണ്. ഗുണഭോക്തൃവിഹിതം ഒടുക്കാത്ത വ്യക്തിക്ക് വാട്ടർ ടാങ്ക് വാങ്ങി നല്കുന്നതിന് SCP ഫണ്ടിൽ നിന്നും 2347/- രൂപ ചെലവഴിച്ചിട്ടുണ്ട്. ടി വ്യക്തിയിൽ നിന്ന് 587/-രൂപ ഈടാക്കി തനത് ഫണ്ടിൽ ഒടുക്കേണ്ടതും 27578/-രൂപ (47 ടാങ്കുകളുടെ ഗുണഭോക്തൃ വിഹിതം) സർക്കാരിലേയ്ക്ക് തിരിച്ചടയ്ക്കേണ്ടതുമാണ്.

### 3-2 അർഹതയില്ലാത്ത വിദ്യാർത്ഥിനിക്ക് ധനസഹായം നല്കി

| | |
|---|---|
| പ്രൊജക്ട് നം., പേര് | എസ് 0089/21, പട്ടികജാതി വിഭാഗക്കാർക്ക് ഉന്നതവിദ്യാഭ്യാസത്തിന് ധനസഹായം |
| അടങ്കൽ | 3,00,000 /- (വികസനഫണ്ട് - SCP) |
| ചെലവ് | 2,35,000 -, ബിൽ നം. 5 / 20-21, 16.03.21 |

| | |
|---|---|
| നിർവഹണഉദ്യോഗസ്ഥ | ഹെഡ് മിസ്ട്രസ്സ്, ഗവ.ജെ.ബി.എസ് |

പട്ടികജാതി വിഭാഗത്തിൽപെട്ടവർക്ക് ഉന്നതവിദ്യാഭ്യാസത്തിന് ധനസഹായം നല്കുന്നതിന് ഹെഡ് മിസ്ട്രസ്സ് നടപ്പിലാക്കിയ ഈ പ്രൊജക്ട് പ്രകാരം വിവിധ കോഴ്സുകളിൽ അധ്യയനം നടത്തുന്ന 11 പേർക്ക് ആനുകൂല്യം അനുവദിച്ചിട്ടുണ്ട്. സർക്കാർ 14.02.18 ൽ പുറപ്പെടുവിച്ച തദ്ദേശസ്ഥാപനങ്ങളുടെ സബ്സിഡി-ധനസഹായങ്ങൾക്കുള്ള മാർഗരേഖയായ ജി .ഒ (എംഎസ്)22/18, ത.സ്വ.ഭ.വ പ്രകാരം സംസ്ഥാന സർക്കാരോ കേന്ദ്ര സർക്കാരോ സർക്കാർ ചുമതലപ്പെടുത്തിയിട്ടുള്ള ഏജൻസികളോ നടത്തുന്ന വിവിധ കോഴ്സുകളിലേക്ക് യോഗ്യത നേടി പഠനം നടത്തുന്ന വിദ്യാർത്ഥികൾക്ക് കോഴ്സ് കാലാവധി വരെയുള്ള എല്ലാ അക്കാദമിക് വർഷത്തിലും സ്ഥാപനമേധാവിയുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ സ്കോളർഷിപ്പ് നല്കാവുന്നതാണ്. ബിരുദം, ബിരുദാനന്തരബിരുദം, പോളിടെക്നിക് (ഡിപ്ലോമ), എൻജിനിയറിംഗ്, മെഡിക്കൽ, ചാർട്ടേർഡ് അക്കൗണ്ടന്റ് ആർട്ടിക്കിൾഷിപ്പ് എന്നീ കോഴ്സുകൾക്ക് പഠിക്കുന്നവർക്കും സർക്കാർ/എയ്ഡഡ്/സ്വാശ്രയസ്ഥാപനങ്ങളിൽ പഠിക്കുന്നവർക്കും സർവകലാശാല അഫിലിയേഷൻ ഉള്ള സ്ഥാപനങ്ങളിൽ പഠിക്കുന്നവർക്കും അർഹതയുണ്ട്. ഓഡിറ്റ് വർഷത്തെ പ്രൊജക്ട് പ്രകാരം തൃപ്പൂണിത്തുറയിൽ റോയൽ എഡ്യൂക്കേഷണൽ ചാരിറ്റബിൾ ട്രസ്റ്റ് നടത്തുന്ന Diploma In IT Infrastructure Management Service എന്ന 6മാസത്തെ കോഴ്സ് (ഫെബ്രുവരി 2021 മുതൽ ഓഗസ്റ്റ് 2021 വരെ) പഠിക്കുന്ന ദൃശ്യ ഷൺമുഖൻ എന്ന വിദ്യാർത്ഥിനിക്ക് 15,000/-രൂപ അനുവദിച്ചിട്ടുണ്ട്. ഒരു വർഷത്തിൽ കുറഞ്ഞതും സർക്കാർ അംഗീകൃതമല്ലാത്തതുമായ കോഴ്സ് പഠിക്കുന്ന ആൾക്ക് ധനസഹായം നല്കിയതിനും വിദ്യാർത്ഥികളുടെ കോഴ്സ്, വർഷം എന്നിവ രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിക്കാത്തതിനും വിശദീകരണം ആവശ്യപ്പെട്ട് നല്കിയ എൻക്വയറിക്ക് (നം.6,18.03.22) തുക തിരികെ ഒടുക്കുവാൻ ആവശ്യപ്പെട്ട് വിദ്യാർത്ഥിനിക്ക് എഴുതിയ കത്തിന്റെ പകർപ്പ് സഹിതം മറുപടി ഹാജരാക്കുകയുണ്ടായി. അർഹതയില്ലാതിരുന്നിട്ടും അനുവദിച്ച 15,000/-രൂപ വിദ്യാർത്ഥിനിയിൽ നിന്നോ അല്ലാത്ത പക്ഷം നിർവഹണഉദ്യോഗസ്ഥയിൽ നിന്നോ ഈടാക്കി ബന്ധപ്പെട്ട ഹെഡ്ഡിൽ ഒടുക്കേണ്ടതാണ്.

## 3-3 എസ് ടി വിദ്യാർത്ഥികൾക്ക് പഠനഉപകരണങ്ങൾ -അപാകത

| | |
|---|---|
| പ്രൊജക്ട് നം., പേര് | എസ് 0053/21, എസ് ടി വിദ്യാർത്ഥികൾക്ക് പഠനഉപകരണങ്ങൾ |
| അടങ്കൽ | 27,000 /- (വികസനഫണ്ട് -TSP) |
| ചെലവ് | 14250 /- ബിൽ നം. 3 / 20-21 , 30.03.21 |
| നിർവഹണഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

ഓഡിറ്റ് വർഷം പഞ്ചായത്തിലെ എസ് ടി വിദ്യാർത്ഥികൾക്ക് പഠനഉപകരണങ്ങൾ നല്കുന്നതിന് നടപ്പാക്കിയതാണ് ഈ പ്രൊജക്ട്. ഈ പ്രൊജക്ട് പ്രകാരം 14250/-രൂപ Ernakulam District Wholesale Co-operative Consumers Store Ltd ന് നല്കിയിട്ടുണ്ട്. 8 വിദ്യാർത്ഥികളുടെ അപേക്ഷകൾ ഹാജരാക്കിയിട്ടുണ്ട്. സ്ഥാപനത്തിന്റെ ബില്ല് ഫയലിൽ ഉള്ളടക്കം ചെയ്തിട്ടില്ലാത്തതിനാൽ വാങ്ങിയ ഉപകരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമല്ല. വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ ഒരു പേജിൽ ഈ 8 കുട്ടികളുടെ പേരിനു നേരെ ഒപ്പ് മാത്രം രേഖപ്പെടുത്തിയിട്ടുണ്ട്. ഈ പ്രൊജക്ട് പ്രകാരം വാങ്ങി വിതരണം ചെയ്ത ഉപകരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുന്നതിനും സ്ഥാപനം നല്കിയ ബില്ല് പരിശോധനയ്ക്ക് ഹാജരാക്കുന്നതിനും ആവശ്യപ്പെട്ട് നല്കിയ എൻക്വയറിക്ക് (നം.10,18.03.22) മറുപടി ലഭ്യമാക്കിയില്ല. പിൻവലിച്ച തുകയ്ക്ക് ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ടെന്ന് തെളിയിക്കുന്നതിന് ആവശ്യമായ രേഖകളില്ല. ഈയിനത്തിൽ ചെലവഴിച്ച തുക 14250/-രൂപ നിർവഹണ ഉദ്യോഗസ്ഥനിൽ നിന്നീടാക്കി ബന്ധപ്പെട്ട ഹെഡ്ഡിൽ ഒടുക്കേണ്ടതാണ്.

## 3-4 മത്സ്യത്തൊഴിലാളികളുടെ വിദ്യാർത്ഥികളായ മക്കൾക്ക് ലാപ്പ്ടോപ്പ് നല്കിയത്-അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം. | S0051/21 |
| പ്രോജക്ടിന്റെ പേര് | മത്സ്യത്തൊഴിലാളികളുടെ വിദ്യാർത്ഥികളായ മക്കൾക്ക് ലാപ്പ്ടോപ്പ്. |
| അടങ്കൽ | 1200000/-(വികസനഫണ്ട് ജനറൽ) |
| ചെലവ് | 823800/- |
| ബിൽനം. & തീയതി | 327/10-03-21 |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഫിഷറീസ് സബ് ഇൻസ്പെക്ടർ |

ടി പ്രോജക്ട് പ്രകാരം 30 Acer ലാപ്പ്ടോപ്പുകൾ (ഇൻവോയിസ് നം. Pysl21023710/25-08-2021) കെൽട്രോണിൽ നിന്നും വാങ്ങിയിട്ടുണ്ട്. ഒരു ലാപ്ടോപിന് 27460/- രൂപ പ്രകാരം 30 ലാപ്ടോപ്പുകൾക്ക് 8,23,800/-രൂപ നല്കിയിട്ടുണ്ട്. 30 Acer ലാപ്പ്ടോപ്പുകൾ ലഭിച്ചതിൽ 29 എണ്ണം മാത്രമേ വിതരണം ചെയ്യാൻ കഴിഞ്ഞുള്ളൂ. ഒരു ലാപ്പ്ടോപ്പ് നഷ്ടപ്പെട്ടു എന്നാണ് ഫയലിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ലാപ്പ്ടോപ്പ് നഷ്ടപ്പെട്ട സാഹചര്യം, 30-8-21ന് കെൽട്രോണിൽ നിന്നും ലാപ്പ്ടോപ്പുകൾ Supply ചെയ്തെങ്കിലും 20-10-21 നാണ് വിതരണം ചെയ്തത് ആയതിനാൽ വിതരണം ചെയ്യുന്നതിന് ഉണ്ടായ കാലതാമസം, സെക്രട്ടറിയ്ക്കും പോലീസിനും നല്കിയ കത്തുകളുടെ പകർപ്പുകൾ, കേസുമായി ബന്ധപ്പെട്ട കാര്യങ്ങൾ എന്നിവയുടെ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.21/21-3-22) ലഭ്യമാക്കിയ മറുപടിയുടെ വിശദാംശങ്ങൾ താഴെ പറയും പ്രകാരമാണ്.

30-8-21ന് കെൽട്രോണിൽ നിന്നും 30 ലാപ്പ്ടോപ്പുകൾ Supply ചെയ്തെങ്കിലും 8-10-21നാണ് ഇൻസ്റ്റലേഷൻ പൂർത്തിയാക്കിയത്. ആയതിനാലാണ് ലാപ്പ്ടോപ്പുകൾ വിതരണം ചെയ്യാൻ കാലതാമസം ഉണ്ടായിരിക്കുന്നത് എന്നാണ് അറിയിച്ചിരിക്കുന്നത്. 30 ലാപ്പ്ടോപ്പുകളും ഗ്രാമപഞ്ചായത്തിന്റെ കെട്ടിടത്തിൽ തന്നെ പ്രവർത്തിക്കുന്ന മത്സ്യഭവനിൽ സൂക്ഷിച്ചിരുന്നു എന്നും 20-10-21 ൽ പഞ്ചായത്ത് കമ്മിറ്റി ഹാളിൽ വെച്ച് പഞ്ചായത്ത് പ്രസിഡന്റ് പദ്ധതി ഉദ്ഘാടനം ചെയ്യുകയും അന്നേ ദിവസം 16 ലാപ്ടോപ്പുകൾ വിതരണം ചെയ്യുകയും ചെയ്തു. ബാക്കി 14 ലാപ്ടോപ്പുകൾ ഫിഷറീസ് സബ് ഇൻസ്പെക്ടറും അക്വാകൾച്ചർ കോ-ഓർഡിനേറ്ററും കൂടി മത്സ്യഭവനിൽ സൂക്ഷിച്ച് വെച്ച് റൂം പൂട്ടിപ്പോകുകയും ചെയ്തു. 21-10-21 ന് രാവിലെ ഓഫീസ് തുറന്ന് പ്രവർത്തനം ആരംഭിക്കുകയും ഉച്ചയ്ക്ക് 12.30 ന് ലാപ്ടോപ്പുകൾ വിതരണം ചെയ്യുന്നതിനായി പരിശോധന നടത്തിയപ്പോഴാണ് ഒരു ലാപ്ടോപ്പ് നഷ്ട്ടപ്പെട്ട വിവരം അറിയുന്നത് എന്നുമാണ് മറുപടിയിൽഅറിയിച്ചിരിക്കുന്നത്. ഈ വിവരം അന്നുതന്നെ (21-10-21) പഞ്ചായത്ത് സെക്രട്ടറിയെ കത്ത് മുഖേന അറിയിക്കുകയും ചെയ്തു. സെക്രട്ടറിയ്ക്കും പോലീസിനും നല്കിയ കത്തിന്റെ പകർപ്പ് ഹാജരാക്കിയിട്ടുണ്ട്. പോലീസിന് കത്ത് നല്കിയതിന്റെ Acknowledgement Card മാത്രമേ ഫയലിൽ ഉള്ളൂ. പോലീസ് ഇത് സംബന്ധിച്ച് അന്വേഷണം നടത്തിയോ എന്ന് വ്യക്തമല്ല. കേസുമായി ബന്ധപ്പെട്ട് പോലീസ് വകുപ്പിൽ നിന്നുള്ള എഫ്.ഐ.ആർ ന്റെ പകർപ്പ് ഹാജരാക്കിയിട്ടില്ല. കേസ് സംബന്ധിച്ച് പഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ ഒന്നും ഫയലിൽ ഇല്ല. ഇത് സംബന്ധിച്ച വിവരങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. നഷ്ടപ്പെട്ട ഒരു ലാപ്ടോപിന്റെ വിലയായ 27,460/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

## 3-5 കാന നിർമ്മാണ പ്രവൃത്തികളിൽ അധിക നിരക്ക് അനുവദിച്ചത് മൂലം അധിക ചെലവ്

ഗ്രാമപഞ്ചായത്തിൽ തൻവർഷം പൂർത്തീകരിച്ചിട്ടുള്ള താഴെപ്പറയുന്ന കാന നിർമ്മാണ പ്രവൃത്തികളിൽ എർത്ത് വർക്ക് എക്സ്കവേഷൻ, സൈഡ് വാൾ നിർമ്മാണം എന്നീ ഇനങ്ങൾക്ക് അധിക നിരക്ക് അനുവദിച്ചതു മൂലം 92262/-രൂപയുടെ അധിക ചെലവുണ്ടായിട്ടുണ്ട്. വിശദ വിവരം താഴെ ചേർക്കുന്നു.

<u>1.എർത്ത് വർക്ക് എക്സ്കവേഷന് ഉയർന്ന നിരക്ക് അനുവദിച്ചു.</u>

ഗ്രാമപഞ്ചായത്തിൽ തൻവർഷം ചെയ്തിട്ടുള്ള കാന നിർമ്മാണത്തിനുള്ള എർത്ത് വർക്ക് എക്സ്കവേഷന് എസ്റ്റിമേറ്റ് പ്രകാരം അനുവദിച്ചിരിക്കുന്ന നിരക്ക് 520.36/m3(സ്പെസിഫിക്കേഷൻ കോഡ് -11.1.1.1 എർത്ത് വർക്ക് എക്സ്കവേഷൻ ഫോർ സ്ട്രക്ച്ചേഴ്സ്)ആണ്. ഇത് പാലം, കൾവർട്ട് എന്നിവയുടെ

നിർമ്മാണത്തിന് 3 മീറ്റർ വരെ ആഴത്തിൽ എർത്ത് വർക്ക് എക്സ്കവേഷന് നൽകുന്ന നിരക്കാണ്. കാന നിർമ്മാണത്തിനുള്ള എർത്ത് വർക്ക് എക്സ്കവേഷന് അനുവദനീയമായ നിരക്ക് 232.78/m3 (MoRD സ്പെസിഫിക്കേഷൻ കോഡ് – 3.5.1 അല്ലെങ്കിൽ CPWD സ്പെസിഫിക്കേഷൻ കോഡ്-2.8.1) ആണ്. ഉയർന്ന നിരക്ക് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത് കരാറുകാർ ഉയർന്ന നിരക്ക് ക്വാട്ട് ചെയ്യാനും അതു വഴി 53785/-രൂപയുടെ അധിക ചെലവിനുമിടയാക്കി. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര്/ കരാറുകാരൻ | ചെയ്ത പ്രവൃത്തി യുടെ അളവ്, അനുവദിച്ചതുക | അനുവദനീയമായ തുക | അധികം നൽകിയ തുക | ചെലവ് വിവരം/ അളവ് ബുക്ക് |
|---|---|---|---|---|---|
| 1 | കാരച്ചുവട് റോഡ് നവീകരണവും, ഡ്രെയിനേജ് നിർമ്മാണവും ഷൺമുഖൻ.സി.വി | 27.28 M3 @500.89 = 13664 (3.741% കുറവ്) | 27.28 M3 @224.07=6113 (3.741% കുറവ്) | 7551 + 12% ജി.എസ്.ടി - 8457/- | 17/8.5.20 – 396706 21/22.5.20 - 55513/- എം.ബുക്ക് - 112/19-20 |
| 2 | 10,15 വാർഡുകളിലെ റോഡുകളിൽ കാന നിർമ്മാണം (104/20) പി.തോമസ് ജോയി | 67.931 M3 @520 = 35324 (.07% കുറവ്) | 67.931 M3 @232.62 = 15802/- (0.07% കുറവ്) | 19522 + 12% ജി.എസ്.ടി - 21865/- | 16/8.5.20 27/12.6.20 എം.ബുക്ക് - 308/19-20 |
| 3 | വാർഡ് 20 ൽ കാന നിർമ്മാണം (215/20) ഷൺമുഖൻ.സി.വി | 8 M3 @520.36 = 4163/- | 8 M3 @232.78 = 1862/- | 2301 + 12% ജി.എസ്.ടി - 2577/- | 5041998/2.6.20 – 61724/- എം.ബുക്ക് - 307/19-20 |
| 4 | മേക്കേവെളി പുല്ലുകാട്ട് റോഡിൽ കാന നിർമ്മാണം (221/20) പി.തോമസ് ജോയി | 64.92 M3 @520 = 33758 | 64.92 M3 @232.75 = 15110/- (0.013% കുറവ്) | 18648 + 12% ജി.എസ്.ടി - 20886/- | 25/27.5.20 26/275.20 എം.ബുക്ക് - 305/19-20 |

(2) താഴെ പറയുന്ന പ്രവൃത്തികളിൽ കാനയുടെ സൈഡ് വാൾ നിർമ്മാണത്തിനായി ഡാറ്റ 12.5.1.1(plain/ Reinforced Concrete In Substructure Complete As Per Technical Specifications, For Ht Upto 5m, Grade M15 (Nominal Mix 1: 2.5:5) പ്രകാരമുള്ള നിരക്കാണ് (7732.64/ M3 ) നൽകിയിട്ടുള്ളത്. ഇത് 5 മീറ്റർ ഉയരം വരെയുള്ള സബ്ബ് സ്ട്രക്ച്ചർ നിർമ്മിതികൾക്കുള്ള നിരക്കാണ്. കാനയുടെ സൈഡ് വാളിന് നൽകുന്ന നിരക്ക് ഡാറ്റ 11.4.2.1 പ്രകാരമുള്ള 7310/ M3 രൂപയാണ്. ഉയർന്ന നിരക്ക് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത് കരാറുകാർ ഉയർന്ന നിരക്ക് ക്വാട്ട് ചെയ്യാനും അതു വഴി 38477/-രൂപയുടെ അധിക ചെലവിനുമിടയാക്കി. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര്/ കരാറുകാരൻ | ചെയ്ത പ്രവൃത്തി യുടെ അളവ്, അനുവദിച്ച തുക | അനുവദനീയമായ തുക | അധികം നൽകിയ തുക | ചെലവ് വിവരം/ അളവ് ബുക്ക് |
|---|---|---|---|---|---|
| 1 | 10,15 വാർഡുകളിലെ റോഡുകളിൽ കാന നിർമ്മാണം (104/20) പി.തോമസ് ജോയി | 45.989 M3 @7730/- = 355495/- (.0341% കുറവ്) | 45.989 M3 @7307.51/- = 336065/- (.0341% കുറവ്) | 19430 + 12% ജി.എസ്.ടി - 21762/- | 16/8.5.20 27/12.6.20 എം.ബുക്ക് - 308/19-20 |
| 2 | വാർഡ് 20 ൽ കാന നിർമ്മാണം (215/20) ഷൺമുഖൻ.സി.വി | 4.114m3 @7732.64 = 31812/- | 4.114m3 @7310/- = 30073/- | 1739 + 12% ജി.എസ്.ടി - 1948/- | 5041998/2.6.20 – 61724/- എം.ബുക്ക് - 307/19-20 |
| 3 | മേക്കേവെളി പുല്ലുകാട്ട് റോഡിൽ കാന നിർമ്മാണം (221/20) പി.തോമസ് ജോയി | 31.2 M3 @7732/- = 241238 (.0082% കുറവ്) | 31.2 M3 @7309/- = 228053 (.0082% കുറവ്) | 13185 + 12% ജി.എസ്.ടി - 14767/- | 25/27.5.20 26/275.20 എം.ബുക്ക് - 305/19-20 |

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.33/22.3.22) നിർവ്വഹണ ഉദ്യോഗസ്ഥനായ അസി.എഞ്ചിനിയർ മറുപടി ലഭ്യമാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ കരാറുകാരന് അധികമായി നൽകിയ 92262/-രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ടി തുക ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

### 3-6 പഞ്ചായത്ത് ഓഫീസിൽ സി.സി.ടി.വി. സ്ഥാപിച്ചത്-അപാകതകൾ

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 158/21(സ്പിൽ ഓവർ) |
| പ്രൊജക്റ്റിന്റെ പേര് | പഞ്ചായത്ത് ഓഫീസിലേക്ക് സി.സി.ടി.വി. വാങ്ങലും സ്ഥാപിക്കലും |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 171000/-(തനത് ഫണ്ട്) |
| ചെലവ് | 171000/-(വൗച്ചർ നമ്പർ-22000556/09.10.20) |

പഞ്ചായത്ത് ഓഫീസിൽ സി.സി.ടി.വി സ്ഥാപിക്കുന്നതിനായി ടെണ്ടർ ലഭിച്ച SARMEP Engineering & Construction LLP,കുനമ്മാവ് എന്ന സ്ഥാപനം മുഖേന 16 സി.സി.ടി.വി.കൾ സ്ഥാപിച്ചു. സി.സി.ടി.വി.കൾ സ്ഥാപിക്കുന്ന പ്രവൃത്തിക്ക് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടത് പി.ഡബ്ള്യി.യു.ഡി. ഇലക്ട്രോണിക്സ് വിഭാഗമാണ്. എന്നാൽ പഞ്ചായത്ത് ഓഫീസിൽ 16 സി.സി.ടി.വി.കൾ സ്ഥാപിക്കുന്നതിന് ജില്ലാ പഞ്ചായത്ത് ഇലക്ട്രിക്കൽ പാനൽ എൻജിനീയറാണ് 1,71,000/-രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയത്. എസ്റ്റിമേറ്റിൽ ക്യാമറ, ഹാർഡ് ഡിസ്ക്, സ്വിച്ച്, കേബിൾ എന്നിവയ്ക്ക് നിരക്ക് നിശ്ചയിച്ചത് മാർക്കറ്റ് നിരക്ക് അടിസ്ഥാനമാക്കിയാണോ അതോ മറ്റേതെങ്കിലും നിരക്ക് അടിസ്ഥാനമാക്കിയാണോ എന്നു വ്യക്തമല്ല. ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയർ 372/ELE/EE/LSGD/EKM/2019-20, തീയതി 06.02.20 പ്രകാരം പ്രവൃത്തിക്ക് സാങ്കേതിക അനുമതി നൽകി (പി.ഡബ്ള്യിയു.ഡി. അംഗീകൃത ഇലക്ട്രിക്ക് കരാറുകാരെ കൊണ്ട് പ്രവൃത്തി ചെയ്യിക്കാനാണ് സാങ്കേതിക അനുമതിയിൽ നിർദേശിച്ചത്).

സി.സി.ടി.വി. സ്ഥാപിക്കുന്നത് പല നിരക്കിലുള്ള പ്രവൃത്തികളും ഘടകങ്ങളും ഉൾപ്പെട്ട ഒന്നല്ല. എന്നാൽ ഇലക്ട്രോണിക്സ് അധിഷ്ഠിതമായ ടി പ്രവൃത്തി പല ഘടകങ്ങളാക്കി ഓരോ ഉപകരണത്തിനും നിരക്ക് നിശ്ചയിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കുകയും പ്രവൃത്തി മെഷർമെന്റ് ബുക്കിൽ രേഖപ്പെടുത്തി ചെക്ക് മെഷർ ചെയ്തതായി രേഖപ്പെടുത്തി പാനൽ എൻജിനിയർമാർക്ക് അംഗീകരിച്ച എസ്റ്റിമേറ്റ് തുകയുടെ 4% തുക 6824/-രൂപ പ്രതിഫലമായി നൽകുകയും ചെയ്തു. ഇലക്ട്രിക്കൽ പ്രവൃത്തികൾ ഒന്നും തന്നെ എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിട്ടില്ല എന്നിരിക്കെയാണ് സി.സി.ടി.വി.യുടെയും അനുബന്ധ ഉപകരണങ്ങളുടെയും വില കൂടി പ്രവൃത്തിയിൽ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് കണക്കാക്കി പാനൽ എൻജിനീയർമാർ തുക കൈപ്പറ്റിയത്. പി.ഡബ്ള്യി.യു.ഡി. ഇലക്ട്രോണിക്സ് വിഭാഗത്തിൽ നിന്ന് എസ്റ്റിമേറ്റ് ലഭ്യമാക്കി ടെൻഡർ ക്ഷണിച്ച് പ്രവൃത്തി ചെയ്തിരുന്നെങ്കിൽ ഈയിനത്തിലെ ചെലവ് ഒഴിവാക്കാമായിരുന്നു.

SARMEP Engineering & Construction LLP ജി.എസ്.ടി. ഇൻവോയ്സ് നൽകിയിട്ടില്ല. ജി.എസ്.ടി.ഇൻവോയ്സ് ലഭ്യമല്ലാത്തതു മൂലം ക്യാമറ, NVR യൂണിറ്റ്, ഹാർഡ് ഡിസ്ക്, മറ്റ് ഉപകരണങ്ങൾ എന്നിവ ഏതെല്ലാം ബ്രാന്റിൽ ഉള്ളവയാണെന്നും അവയ്ക്ക് Original Manufacturing Company നൽകിയിരിക്കുന്ന വാറന്റി എത്രയാണെന്നും വ്യക്തമല്ല. ഉപകരണങ്ങൾ പുതിയതായി വാങ്ങിയവയാണോ എന്ന് ഇതു മൂലം ഉറപ്പു വരുത്താൻ സാധിക്കില്ല. സ്ഥാപിച്ച 16 ക്യാമറകളിൽ 2 എണ്ണം നിരക്ക് കൂടുതൽ ഉള്ള ഓഡിയോ സി.സി.ടി.വി. ആണ്. എന്നാൽ റിക്കോർഡ് ചെയ്ത ശബ്ദം കേൾക്കുന്നതിന് ആവശ്യമായ മൾട്ടി മീഡിയ യൂണിറ്റ് സ്ഥാപിച്ചിട്ടുമില്ല. തിരക്കേറിയ റോഡിനോടു തൊട്ടു ചേർന്ന് സ്ഥിതി ചെയ്യുന്ന പഞ്ചായത്ത് ഓഫീസിന്റെ പുറം ഭിത്തിയിലാണ് രണ്ട് ഓഡിയോ ക്യാമറകളും സ്ഥാപിച്ചിരിക്കുന്നത്. ഇതു കൊണ്ട് തന്നെ മൾട്ടി മീഡിയ യൂണിറ്റ് ഉണ്ടെങ്കിൽ പോലും റിക്കോർഡ് ചെയ്തത് ഒന്നും തന്നെ കേൾക്കാൻ സാധിക്കുകയില്ലായിരുന്നു. പഞ്ചായത്ത് ഓഫീസിൽ ഓഡിയോ സി.സി.ടി.വി.ക്യാമറയുടെ ആവശ്യകത എന്താണെന്നും വ്യക്തമല്ല. ഇക്കാരണങ്ങളാലെല്ലാം 2 ഓഡിയോ സി.സി.ടി.വി ക്യാമറ സ്ഥാപിക്കുന്നതിന് ചെലവായ തുക പാഴ്ച്ചെലവായി ഓഡിറ്റ് വിലയിരുത്തുന്നു.

4TB കപ്പാസിറ്റിയുള്ള 2ഹാർഡ് ഡിസ്ക് ഡ്രൈവുകൾ സ്ഥാപിച്ചതിന് ഒരെണ്ണത്തിന് 11200/-രൂപ വീതം ആകെ 22400/-രൂപ കരാറുകാരന് നൽകി. CCTV System Properties നേരിട്ട് പരിശോധിച്ചതിൽ ഹാർഡ് സിസ്ക് കപ്പാസിറ്റി 8TB ക്ക് പകരം 4TB എന്നാണ് കാണിച്ചിരിക്കുന്നത്. ഒരു ഹാർഡ് ഡിസ്ക് ഡ്രൈവ് സ്ഥാപിച്ചിട്ടില്ല എന്ന് ഇതിൽ നിന്നും വ്യക്തമാണ്. തുക നൽകുന്നതിന് മുൻപ് എല്ലാ ഇനങ്ങളും

സ്ഥാപിച്ചിട്ടുണ്ടോയെന്ന് പഞ്ചായത്ത് ഉറപ്പു വരുത്തിയിട്ടില്ല എന്ന് ഇതിൽ നിന്നും മനസിലാക്കാവുന്നതാണ്. ഒരു ഡ്രൈവിന്റെ വിലയായ 11,200/- രൂപ തിരികെ പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

സി.സി.ടി.വി.യുടെ എസ്റ്റിമേറ്റ് പി.ഡബ്ളിയു.ഡി.ഇലക്ട്രോണിക്സ് വിഭാഗത്തിൽ നിന്നും തയ്യാറാക്കി വാങ്ങി അതനുസരിച്ച് എസ്റ്റിമേറ്റ് തുക നിശ്ചയിച്ച് ടെൻഡർ ക്ഷണിച്ചിരുന്നുവെങ്കിൽ 1,71,000/- രൂപയിലും വളരെ കുറഞ്ഞ നിരക്കിൽ പഞ്ചായത്ത് ഓഫീസിൽ സി.സി.ടി.വി.സ്ഥാപിക്കാമായിരുന്നു. പാനൽ എൻജിനീയർമാർക്കുള്ള പ്രതിഫലവും ഒഴിവാക്കാമായിരുന്നു. അംഗീകൃത ഡീലർമാരിൽ നിന്നുമുള്ള ജി.എസ്.ടി. ഇൻവോയ്സ് ലഭ്യമാകുകയും അതു വഴി ഓരോ ഇനത്തിനും OEM വാറന്റി ഉറപ്പാക്കുകയും ചെയ്യാമായിരുന്നു. സി.സി.ടി.വി.യുടെ ഗുണമേന്മ ഉറപ്പു വരുത്താൻ സാധിച്ചിട്ടില്ലാത്തതിനാൽ നിലവിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും തുടർന്ന് എത്രകാലം കൂടി ആയത് ശരിയായ രീതിയിൽ പ്രവർത്തിക്കും എന്നത് ഉറപ്പാക്കാൻ സാധിക്കുകയില്ല. പഞ്ചായത്ത് ഫണ്ട് ചെലവഴിക്കുന്നതിൽ മിതത്വവും ജാഗ്രതയും കാത്തു സൂക്ഷിക്കേണ്ടതും പാഴ്ച്ചെലവ് ഒഴിവാക്കേണ്ടതുമാണ്.

മേൽ വിഷയം സംബന്ധിച്ച് നൽകിയ 14/20.3.2022 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ഹാജരാക്കിയില്ല. 4TB ഹാർഡ് ഡിസ്ക് ഡ്രൈവിന്റെ വിലയായ 11,200/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2020-21 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത് | | |

### 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 432219 | കാച്ചേവാട് റോഡ് നിർമ്മാണം-P-136/2021 | 432219 | |
| | 2020-21 | 4,00,000 | കാനനിർമ്മാണം വാർഡ് -10,15 -P-139/2021 | 4,00,000 | |
| | 2020-21 | 219150 | സ്കോളർഷിപ്പ്-P-66/2021 | 219150 | |
| | 2020-21 | 100000 | സ്കോളർഷിപ്പ്-P-123/2021 | 100000 | |
| | 2020-21 | 16000 | പാലിന് സബ്സിഡി-P-3/2021 | 16000 | |
| ആകെ | | 11,67,369 | ആകെ | 11,67,369 | |
| ജില്ലാ പഞ്ചായത്ത് | 2020-21 | 163582 | നെൽകൃഷി സംരംക്ഷണം P-26/2021 | 163582 | |
| | 2020-21 | 10,00,000 | സ്കോളർഷിപ്പ്-P-123/2021 | 10,00,000 | |
| | 2020-21 | 75395 | നെൽകൃഷി സംരംക്ഷണം P-150/2021 | 75395 | |
| | 2020-21 | 5,000 | പാലിന് സബ്സിഡി-P-3/2021 | 5,000 | |
| ആകെ | | 12,43,977 | | 12,43,977 | |

2020-21

ആകെ ജില്ലാ പഞ്ചായത്ത് വിഹിതം – 1243977 .00
ബ്ലോക്ക് പഞ്ചായത്ത് വിഹിതം – 1167369.00

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പറും വൗച്ചർ നമ്പറും | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ ബി | വിവിധ വാർഡുകളിൽ സ്ലീറ്റ് ലൈൻ ദീർഘിപ്പിക്കൽ, വിവിധ വാർഡുകളിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ (പ്രോജക്ട് നമ്പർ- 117/21, 18/21 ) | Bill No. 02/2020 -21, 03/2020-21 & 04/2020-21 Dt. 08/05/20 &15/05/20<br>Bill No.25/2020-21 , 22/03/21 | 14,30,242<br>74,674.00 | | 14,30,242<br>74,674.00 |
| കേരള വാട്ടർ അതോറിറ്റി | വിവിധ വാർഡുകളിൽ കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ (പ്രോജക്ട് നം.19/21) | Bill No.29/2020-21, Dt.30/03/21& വൗച്ചർ നം.22001350 തീ.27.03.2021 | 31,98,000 | | 31,98,000 |
| കേരള വാട്ടർ അതോറിറ്റി | വെറ്ററിനറി സബ് സെന്ററിന് വാട്ടർ കണക്ഷൻ എടുക്കൽ(പ്രോജക്ട് നം.102/21) | Bill No.28/2020-21, Dt. 30/03/21& വൗച്ചർ നം.42000211 തീ.31.03.2021 | 14,000 | | 14,000 |
| | ആകെ | | 47,16,916 | 0 | 47,16,916 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

## 4-5 വായ്പ /വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവ് ചെലവുകളില്ല.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 2401731 |
| തൻവർഷം നിക്ഷേപിച്ച തുക<br>(പലിശ ലഭിച്ചത്) | 0 |
| ആകെ | 2401731 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| പലിശ | 192139 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 2593870 |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം തുകയൊന്നും ലഭിച്ചിട്ടില്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് കാലയളവ് | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | വർഷം | | |
| 1998-99മുതൽ 2001-02 വരെ | 3.5.1 | 2006-07 | പട്ടികജാതി വിഭാഗത്തിനുള്ള കിണർ നിർമ്മാണം ജെ.ജി.എസ്.വൈ | ഓഡിറ്റ് തടസ്സം നീക്കുന്നതിലേക്ക് തീരുമാന സഹിതം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. |
| 2014-15, 2015-16 | 2.1 | 2016-17 | തൊഴിൽ നികുതി സംബന്ധിച്ച് | ഓഡിറ്റ് തടസ്സം നീക്കുന്നതിലേക്ക് രസീതുകളുടെ പകർപ്പ് സമർപ്പിച്ചിട്ടുണ്ട്. |

## 4-9 ചാർജ് / സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്(മുന്നിരിപ്പ് ഉൾപ്പെടെ) | : | 133798708 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 107807918 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 160759 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 10310557 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 587 | ശ്രീ അനന്തൻ ടി വി അസിസ്റ്റന്റ് സെക്രട്ടറി |
| 3-2 | | 15,000 | ശ്രീമതി ലേഖ രവീന്ദ്രൻ ഹെഡ് മിസ്ട്രസ്സ്, ഗവ.ജെബിഎസ് |
| 3-3 | | 14250 | ശ്രീ അനന്തൻ ടി വി അസിസ്റ്റന്റ് സെക്രട്ടറി |
| 3-4 | | 27460 | ശ്രീമതി ഫസീറമോൾ ടി എ ഫിഷറീസ് സബ് ഇൻസ്പെക്ടർ |
| 3-5 | | 92262 | ശ്രീ സന്തോഷ് സി ജി അസി.എഞ്ചിനിയർ |
| 3-6 | | 11200 | ശ്രീ അനന്തൻ ടി വി, അസിസ്റ്റന്റ് സെക്രട്ടറി, സെക്രട്ടറി-ഇൻ-ചാർജ്ജ് |
| ആകെ | | 160759 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 11,62,000 | ശ്രീ അനന്തൻ ടി വി (അസി.സെക്രട്ടറി) സെക്രട്ടറി-ഇൻ-ചാർജ്ജ് |
| 1-21 | 33,660 | ശ്രീമതി റീനാ റാഫേൽ സെക്രട്ടറി |
| 1-22 | 10,000 | ശ്രീമതി റീനാ റാഫേൽ സെക്രട്ടറി |
| 1-23 | 15,840 | ശ്രീ അനന്തൻ ടി വി, അസിസ്റ്റന്റ് സെക്രട്ടറി, സെക്രട്ടറി-ഇൻ-ചാർജ്ജ് |
| 1-24 | 1,26,690 | ശ്രീ അനന്തൻ ടി വി, അസിസ്റ്റന്റ് സെക്രട്ടറി, സെക്രട്ടറി-ഇൻ-ചാർജ്ജ് |
| 1-25 | 34,54,544 | ശ്രീ അനന്തൻ ടി വി,അസിസ്റ്റന്റ് സെക്രട്ടറി, |

| | | |
|---|---|---|
| | | സെക്രട്ടറി-ഇൻ-ചാർജ്ജ് |
| 1-26 | 2,43,855 | ഡോ ഷീജ<br>മെഡിക്കൽ ഓഫീസർ പി എച്ച് സി |
| 1-28 | 29,750 | ശ്രീ പി എസ് രാജൻ<br>സെക്രട്ടറി |
| 1-29 | 27,460 | ശ്രീ അനന്തൻ ടി വി,അസിസ്റ്റന്റ് സെക്രട്ടറി,<br>സെക്രട്ടറി-ഇൻ-ചാർജ്ജ് |
| 1-30 | 63,290 | ശ്രീ അനന്തൻ ടി വി,അസിസ്റ്റന്റ് സെക്രട്ടറി,<br>സെക്രട്ടറി-ഇൻ-ചാർജ്ജ് |
| 1-43 | 4,26,552 | ശ്രീ പി എസ് രാജൻ<br>സെക്രട്ടറി |
| 1-47 | 14,30,242 | ശ്രീമതി റീനാ റാഫേൽ<br>സെക്രട്ടറി |
| 1-47 | 32,86,674 | ശ്രീ അനന്തൻ ടി വി,അസിസ്റ്റന്റ് സെക്രട്ടറി,<br>സെക്രട്ടറി-ഇൻ-ചാർജ്ജ് |
| ആകെ | 1,03,10,557 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റ സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | തുക | സ്ഥാപനം |
|---|---|---|
| 1-31 | 24,000 | ആദായ നികുതി വകുപ്പ് |
| 1-42 | 496 | ആദായ നികുതി വകുപ്പ് |
| 3-1 | 27,578 | സംസ്ഥാന സർക്കാർ |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി റീനാ റാഫേൽ | സെക്രട്ടറി<br>ചേന്ദമംഗലം ഗ്രാമപഞ്ചായത്ത് | കറുകയിൽ വീട്<br>തൈക്കുടം<br>വൈറ്റില |
| ശ്രീ പി എസ് രാജൻ | സെക്രട്ടറി<br>സേവനത്തിൽ നിന്നും വിരമിച്ചു | പട്ടിമറ്റം,<br>മഞ്ഞപ്ര,<br>എറണാകുളം |
| ശ്രീ അനന്തൻ ടി വി<br>അസിസ്റ്റന്റ് സെക്രട്ടറി | സെക്രട്ടറി<br>കുട്ടംപുഴ ഗ്രാമപഞ്ചായത്ത് | ശ്രീവിനായകം,<br>പനങ്ങാട് പി ഒ,<br>എറണാകുളം |
| ശ്രീമതി ലേഖ രവീന്ദ്രൻ<br>ഹെഡ് മിസ്ട്രസ്സ്,<br>ഗവ.ജെബിഎസ് | ഹെഡ് മിസ്ട്രസ്സ് ,<br>ഗവ.ജെ.ബി.എസ്<br>ഉദയംപേരൂർ | ചെട്ടിയമൂഴീൽ,<br>കാഞ്ഞിരമറ്റം പി ഒ,<br>എറണാകുളം |
| ശ്രീമതി ഫസീറമോൾ ടി. എ<br>ഫിഷറീസ് സബ് ഇൻസ്പെക്ടർ | ഫിഷറീസ് സബ് ഇൻസ്പെക്ടർ<br>ഉദയംപേരൂർ | സലാമത്ത് മൻസിൽ,<br>ഇടവനക്കാട് |
| ശ്രീ സന്തോഷ് സി ജി<br>അസി.എഞ്ചിനിയർ | അസിസ്റ്റന്റ് എൻജിനീയർ | 6 സി,<br>റോയൽ ഡ്രീംസ്,<br>സംസ്കൃത കോളേജ്<br>റോഡ് |
| ഡോ ഷീജ | മെഡിക്കൽ ഓഫീസർ<br>പി. എച്ച്. സി | സുരഭി വീട്,<br>ഏരൂർ |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | കെ.എസ്.എ-ഇ.കെ.എം (പി6) 709/18 തീ. 07.09.18 |

| | |
|---|---|
| 1997-98 | എൽ.എഫ്.ഇ(പി4)134/2004<br>തീ. 25.10.2004 |
| 1998-99 മുതൽ 2001-02 വരെയുള്ള പദ്ധതിവിഹിതം ഒഴികെ ചെലവ് | എൽ.എഫ്.ഇ(പി6)376/2006<br>തീ. 05.10.06 |
| 1998-99 (വരവ്) | എൽ.എഫ്.ഇ(പി6)2008/2007<br>തീ. 09.07.08 |
| 1999-2000(വരവ്) | എൽ.എഫ്.ഇ(പി6)2009/2007<br>തീ. 09.07.08 |
| 2000-2001(വരവ്) | എൽ.എഫ്.ഇ(പി6)2010/2007<br>തീ. 09.07.08 |
| 2001-2002(വരവ്) | എൽ.എഫ്.ഇ(പി6)2011/2007<br>തീ. 09.07.08 |
| 2002-2003 | കെ.എസ്.എ-ഇ.കെ.എം (പി6) 709/18<br>തീ. 07.09.18 |
| 2004-2005 | കെ.എൻറ്സ്.എ-ഇ.കെ.എം (പി6) 709/18<br>തീ. 07.09.18 |
| 2005-2006 | കെ.എസ്.എ-ഇ.കെ.എം (പി6) 709/18<br>തീ. 07.09.18 |
| 2006-2007 | കെ.എസ്.എ-ഇ.കെ.എം (പി6) 709/18<br>തീ. 07.09.18 |
| 2007-2008 | കെ.എസ്.എ-ഇ.കെ.എം (പി6) 709/18<br>തീ. 07.09.18 |
| 2008-2009 | എൽ.എഫ്.ഇ(പി6)253A/12<br>തീ. 30.7.12 |
| 2009-2010 | എൽ.എഫ്.ഇ(പി6)2074/11<br>തീ. 10.01.12 |
| 2010-2011 | എൽ.എഫ്.ഇ(പി6)584/12<br>തീ. 11.05.12 |
| 2011-2012<br>& 2012-13 | എൽ.എഫ്.ഇ(പി6)161/2014<br>തീ. 16.09.15 |
| 2013-14 | കെ.എസ്.എ.ഇ.കെ.എം(പി6)1542/15<br>തീ.28.01.16 |
| 2014-15 | കെ.എസ്.എ.ഇ.കെ.എം(പി6)1106/16<br>തീ.26.07.18 |
| 2015-16 | കെ.എസ്.എ ഇ.കെ.എം(പി6)2041/2016<br>തീ.21.02.16 |
| 2016-17 | കെ.എസ്.എ ഇ.കെ.എം(പി6)1651/2017<br>തീ.20.06.18 |
| 2017-18 | കെ.എസ്.എ ഇ.കെ.എം(പി6)2044/2018<br>തീ.06.07.19 |
| 2018-19 | കെ.എസ്.എ ഇ.കെ.എം(പി6)1699/2019<br>തീ.05.11.19 |
| 2019-20 | കെ.എസ്.എ ഇ.കെ.എം(പി6)727/2021<br>തീ.29.06.21 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ ഉദയംപേരൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ ഉദയംപേരൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്